# ബാല കുസുമം

kusumammasika@gmail.com
www.facebook.com/balakusumam

2021 ജനുവരി
വില 10 രൂപ




## പുതുവർഷപ്പുലരി

ബഗ്ദാദ്
പൈതൃക നഗരത്തിന്റെ കഥ

CID സൽമാൻ
## ആമസോൺ
ചിത്രകഥ ആരംഭിക്കുന്നു

ബാലകുസുമം

പുസ്തകം 8
ലക്കം 12
2021 ജനുവരി

# പരോപകാരത്തിന്റെ പാഠം

ഒരു കാട്ടാട് കാട്ടിലൂടെ ഇലകൾ കടിച്ചു പറിച്ചു തിന്നു നടക്കുകയായിരുന്നു. ഒരു വേടൻ അതുകണ്ട് ഒളിഞ്ഞു നിന്ന് അതിനെ അമ്പെയ്യാനൊരുങ്ങി. ആട് ജീവനും കൊണ്ടോടി ഒരു വള്ളിപ്പടർപ്പിലൊളിച്ചു. പിന്നാലെയോടിയ വേടന് ആടിനെ കണ്ടെത്താനായില്ല. അയാൾ നിരാശനായി ഒരിടത്തിരുന്നു.

വള്ളിപ്പടർപ്പിലെത്തിയ ആട് ചുറ്റും നോക്കി. ഹായ്, നല്ല തളിരിലകള്! തന്നെ ഒളിപ്പിച്ച് വേടനിൽ നിന്ന് രക്ഷിച്ചത് ആ തളിരിലകളാണെന്നു ചിന്തിക്കാതെ ആട് അവ കടിച്ചു വലിച്ചു തിന്നാൻ തുടങ്ങി. അപ്പോൾ വള്ളിച്ചെടികൾ ചോദിച്ചു: "ആടേ, നീയെന്തു പണിയാണീ ചെയ്യുന്നത്? നിന്നെ വേടനിൽ നിന്നു രക്ഷിച്ചത് ഞങ്ങളല്ലേ. എന്നിട്ട് ഒരു നന്ദി വാക്കുപോലും പറയാതെ നീ ഞങ്ങളെ തിന്നു നശിപ്പിക്കുകയാണോ?"

വള്ളിച്ചെടിയുടെ ചോദ്യം ആടിനൊട്ടും ഇഷ്ടപ്പെട്ടില്ല. അവൻ വെറുപ്പു പ്രകടമാക്കിക്കൊണ്ടു പറഞ്ഞു: "ങ്ഹും.... നിങ്ങ

ളെന്നെ രക്ഷിച്ചെന്നോ? അതൊക്കെ പഴയ കഥ. എനിക്കിപ്പോൾ നല്ല വിശപ്പുണ്ട്. നല്ല മധുരമുള്ള തളിരിലകൾ. നിങ്ങളൊന്നു മിണ്ടാതിരിക്ക്. ഞാനെന്റെ വയറു നിറയ്ക്കട്ടെ."

വള്ളിച്ചെടികൾ വീണ്ടും പറഞ്ഞു: "ആടേ, ഒന്നു പതുക്കെ കടിച്ചു വലിക്ക്, ഞങ്ങൾക്കു വേദനിക്കുന്നു. നീയിങ്ങനെ കടിച്ചു വലിക്കുമ്പോൾ വള്ളിപ്പടർപ്പു ഒന്നായി ഇളകുന്നതു കണ്ടില്ലേ. വേടൻ ഇവിടെയെവിടെയെങ്കിലുമുണ്ടെങ്കിൽ നീയിവിടെയുണ്ടെന്ന് മനസ്സിലാക്കി ഓടിവരും. നിന്നെ അമ്പെയ്തു വീഴ്ത്തുകയും ചെയ്യും. നിന്റെ രക്ഷയ്ക്കു കൂടിയാണ് ഇപ്പറയുന്നത്."

വള്ളിപ്പടർപ്പിന്റെ വാക്കുകൾ ആട് പരിഗണിച്ചതേയില്ല. അവൻ പറഞ്ഞു: "ഞാൻ നിങ്ങളുടെ ഇല തിന്നാതിരിക്കാൻ ഓരോ ഉപായം പറയുകയല്ലേ. അതൊന്നോടു വേണ്ട. അടങ്ങി നിന്നോളൂ."

വള്ളിപ്പടർപ്പുകൾ പിന്നെ ഒന്നും പറഞ്ഞില്ല.

വള്ളിപ്പടർപ്പിൽ ഇലയനങ്ങുന്നതു കണ്ട് വേടൻ ഓടിയെത്തി. ആടിനെ അമ്പെയ്തു വീഴ്ത്തി. അപ്പോഴാണ് ആടിന് വള്ളിപ്പടർപ്പുകളുടെ നന്മ മനസ്സിലായത്. ഇനി ബോധ്യമായിട്ടെന്തു കാര്യം! ആടിനെ കൊന്ന് വേടൻ മാംസമാക്കി.


ഈ കഥയിൽ അനേകം പാഠങ്ങളുണ്ട്. കൂട്ടുകാർ ആലോചിച്ചു നോക്കൂ. ചില സൂചനകൾ നൽകാം.

ഈ കാട്ടാടിനെപ്പോലെ ആ


BALA KUSUMAM

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  പി. കുഞ്ഞഹമ്മദ്
- ചീഫ് എഡിറ്റർ
  മുഹമ്മദ് പാറന്നൂർ
- എക്സിക്യൂട്ടീവ് എഡിറ്റർ
  സി.പി ശഫീഖ് ബുഖാരി
- എഡിറ്റർ
  മുഹമ്മദ് ഇഖ്ബാൽ
- ജനറൽ മാനേജർ
  എ. മൊയ്തീൻ മടവൂർ
- സർക്കുലേഷൻ
  ശരീഫ് സഖാഫി എടയൂർ
- ഇല്ലസ്ട്രേഷൻസ്
  ശ്യാംദാസ്, സന്തു കരിമണ്ണൂർ
- ഡിസൈൻ & ലേ-ഔട്ട്
  അൻവർ സ്വാദിഖ് ബുഖാരി



ലോചനയും നന്ദിബോധവുമി ല്ലാത്ത പലരുമില്ലേ നമ്മുടെ ചു റ്റും? വള്ളിപ്പടർപ്പുകളെപ്പോലെ ഉപകാരം ചെയ്തുകൊണ്ടിരി ക്കുന്നവരും ധാരാളമുണ്ട്. ആ ഉപകാരങ്ങളൊക്കെ പ്രയോജ നപ്പെടുത്തുകയും ഉപകാരം ചെയ്യുന്നവരെ മറക്കുകയും ചെ യ്യുന്നവരാണ് നമ്മുടെ കഥയി ലെ കാട്ടാടുകളെപ്പോലെയുള്ള വർ.

നമ്മിലൊരാൾക്കും ഒറ്റയ്ക്ക് ഈ ഭൂമിയിൽ ജീവിക്കാനാവു കയില്ല. പലരെയും ആശ്രയിച്ചാ ണ് ഓരോ മനുഷ്യന്റെയും നി ലനിൽപ്പ്. ജനിച്ച ഉടനെ ഉമ്മ നമ്മെ നന്നായി പരിചരിച്ചില്ലാ യിരുന്നെങ്കിൽ ഇന്നു നമ്മളു ണ്ടാകുമായിരുന്നില്ല. ഒന്നും ര ണ്ടും കൊല്ലമല്ല, പത്തു പതി നഞ്ചു കൊല്ലത്തോളം ഉപ്പയും ഉമ്മയുമൊക്കെ നമുക്കാവശ്യ മായതെല്ലാം നൽകിയാലേ നാം നമ്മുടെ കാര്യം നോ ക്കാൻ ശേഷി നേടുകയുള്ളൂ. ഇങ്ങനെയും നമ്മെ രക്ഷിച്ച, വ ളർത്തിയ മാതാപിതാക്കളെ ന മുക്കൊഴിവാക്കാൻ പറ്റുമോ? അവരുടെ ഉപദേശങ്ങൾ കേൾ ക്കാതിരിക്കുന്നതെങ്ങനെ? അ വർക്ക് തിരിച്ചും ഉപകാരങ്ങൾ

ചെയ്യാതിരിക്കുന്നവർ കഥയിലെ കാട്ടാടിനെക്കാളും നന്ദികെട്ടവരല്ലേ?

നമുക്കറിയാത്ത കാര്യങ്ങൾ പഠിപ്പിച്ചു തന്ന് നന്മയിലേക്കു നയിക്കുന്നവരാണ് ഗുരുനാഥന്മാർ. അവരെയും അനുസരിക്കാതിരിക്കാനാവില്ല. അവഗണിക്കാനും പറ്റില്ല. പിന്നെയുമുണ്ട് പ്രത്യക്ഷമായും പരോക്ഷമായും നമുക്കേറെ ഉപകാരങ്ങൾ ചെയ്തു തരുന്ന പലരും. അവരോടൊക്കെയും നമുക്ക് കടപ്പാടുണ്ട്. അത് മനസ്സിലാക്കി ജീവിതം ക്രമപ്പെടുത്തുന്നവരാണ് യഥാർത്ഥ മനുഷ്യർ! അല്ലാത്തവർ മൃഗതുല്ല്യരാണെന്നർത്ഥം. എന്നാലിന്ന് ഇത്തരം കാര്യങ്ങളെക്കുറിച്ചൊന്നും പലർക്കും ചിന്തയില്ല. ഇരിക്കുന്ന കൊമ്പ് മുറിക്കരുത് എന്നാണല്ലോ പഴമൊഴി. ഇരിക്കുന്ന കൊമ്പ് മുറിച്ചിട്ട് താഴെ വീണാലും പഠിക്കാത്തവരാണു പലരും. അവർ മാതാപിതാക്കളെ അനുസരിക്കുന്നില്ലെ

## മുത്ത്നബിയുടെ രണ്ട് അൽഭുതങ്ങൾ

**ഉവൈസ് പി.കെ**

ഖൈബർ യുദ്ധം കഴിഞ്ഞ് വിശ്രമത്തിലാണ് തിരുനബി (സ). അസ്വർ നിസ്ക്കരിച്ച് മരുമകനായ അലി (റ)വിന്റെ മടിയിൽ തല ചായ്ച്ച് കിടന്നാണ് മയങ്ങുന്നത്. അലിയാകട്ടെ അസ്വർ നിസ്ക്കരിച്ചിട്ടുണ്ടായിരുന്നില്ല. തിരുമേനി ഉറക്കമുണർന്നപ്പോഴേക്കും സൂര്യൻ അസ്തമയത്തോടടുത്തിരുന്നു. അലി (റ) അസ്വറ് നിസ്ക്കരിച്ചിട്ടില്ലെന്ന വിവരമറിഞ്ഞ മുത്ത് നബി സൂര്യനെ തിരികെ വിളിച്ചു. അങ്ങനെ തിരുനബിയുടെ മുഅജിസത്ത് കൊണ്ട് അലിയാർ തങ്ങൾ അസ്വർ അദാആയി തന്നെ നിസ്ക്കരിച്ചു.

ന്നു മാത്രമല്ല ദ്രോഹിക്കുകയും അവരുമായുള്ള ബന്ധം അവസാനിപ്പിക്കുകയും ചെയ്യുന്നു. ഉപകാരികളായ അയൽക്കാരെപ്പോലും അവഗണിക്കുന്നു. ഗുരുനാഥന്മാരെ നിന്ദിക്കുന്നു. സൗഹൃദബന്ധങ്ങൾ മുറിച്ചുകളയുന്നു. വിഷമാവസ്ഥയിൽ കൈപിടിക്കാനെത്തി രക്ഷിച്ചവരെ പിന്നെ മറന്നു കളയുന്നു. ഉപദേശിക്കുന്നവരെ പുച്ഛിക്കുന്നു. തനിക്കു താൻ മതിയെന്നാണ് അവരുടെ വിചാരം.

ഇത്തരം സ്വഭാവങ്ങൾ നല്ല മനുഷ്യനു ചേർന്നതല്ലെന്നോർക്കണം. ഒരു നല്ല മനുഷ്യനാവാനുള്ള പ്രവർത്തനങ്ങളാണ് കുട്ടിക്കാലത്തേ നാം ശീലിക്കേണ്ടത്. നമ്മുടെ മതം അതിനുള്ള പാഠങ്ങൾ നിരവധി നൽകുന്നുണ്ട്. നല്ല മാതൃകകൾ കാണിച്ചു തന്നിട്ടുണ്ട്. ഇഹത്തിൽ മാത്രമല്ല, പരലോകത്തും രക്ഷ ലഭിക്കണമെങ്കിൽ ആ പാഠങ്ങൾ ജീവിതത്തിൽ പകർത്തണമെന്നു കൽപിച്ചിട്ടുണ്ട്.

ഉമറുൽ ഫാറൂഖ്(റ) തിരുനബിയോടൊപ്പം നടന്നു നീങ്ങുകയാണ്. വഴിയിൽ അവർ ഒരു കാട്ടറബിയെ കണ്ടു. തിരുനബി അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു.

“താങ്കൾ പ്രവാചകനാണെന്നതിനുള്ള തെളിവെന്താണ്?”

അദ്ദേഹം തിരുനബിയോട് ചോദിച്ചു. ഈ സംഭവം നടക്കുന്നത് ഒരു മലഞ്ചെരുവിൽ വെച്ചായിരുന്നു. അൽപം അകലെയായി ഒരു മരം നിൽപ്പുണ്ടായിരുന്നു. ആ വൃക്ഷത്തെ ചൂണ്ടി ‘അത് എന്റെ നുബുവ്വത്തിന് സാക്ഷി പറയു’മെന്ന് തങ്ങൾ പറഞ്ഞു. ഉടനെ ആ മരം നിന്നേടത്തു നിന്നും വേരോടു കൂടി ചലിക്കുകയും തിരുസന്നിധിയിൽ വന്ന് ‘അങ്ങയുടെ നുബുവ്വത്തിന് ഞാൻ സാക്ഷിയാണെന്നു’ പറയുകയും ശേഷം തിരുനബിയോട് സമ്മതം ചോദിച്ച് അത് തൽസ്ഥാനത്തു തന്നെ ചെന്നു നിന്നു. ഇതുകണ്ട് ആശ്ചര്യപ്പെട്ട അഅറാബി ശഹാദത് കലിമ ചൊല്ലി ഇസ്‌ലാം സ്വീകരിച്ചു.


സഫർ
ജമാലും ഭാര്യയും റോഡിൽ ബൈക്ക് നിർത്തി തർക്കിക്കുകയായിരുന്നു.
നീ വേണമെങ്കിൽ കയറിക്കോളൂ, ഞാനങ്ങോട്ടില്ല.
അതു പറ്റില്ല. നിങ്ങളും വരണം.
എന്തിന്? എന്നെ കണ്ടാൽ അവൻ മിണ്ടാറില്ല.
ആ പിണക്കം തീർക്കാലോ, നിങ്ങള് വരീൻ.
ഇല്ല, ഞാനില്ല.
അപ്പോൾ സഫർ ആ വഴി വന്നു.
എന്താ ജമാലിക്കാ വഴിയിൽ നിന്നൊരു തർക്കം?
കാര്യമായൊന്നുല്ലെടാ.
എന്നാലും?


അത് ഇവളുടെ ആങ്ങളയുടെ വീടാ. അവിടേക്കു പോവണംന്നാ പറയണത്.
ഇല്ല, ഞാനങ്ങോട്ടില്ല. അവനെന്നെ കണ്ടാൽ മിണ്ടാതെ നടക്കുന്നവനാ.
എന്നാൽ ആ പിണക്കം തീർക്കുന്നതല്ലേ നല്ലത്.
അങ്ങനെയൊരു വിചാരം അവനുംവേണമല്ലോ.
അങ്ങനെയല്ലിക്കാ... നമ്മള് ആദ്യം അങ്ങോട്ട് ചെന്ന് പിണക്കം തീർക്കുന്നതാ നല്ലത്. അതാണ് മാന്യത.
അതൊരു മോശമല്ലെടോ. നമ്മളത്ര ചെറുതാവണോ?
ഇങ്ങനെ ചെയ്താൽ നമ്മൾ ചെറുതാവുകയല്ല, വലുതാവുകയാ ചെയ്യുന്നത്.
അതെങ്ങനെ? നാണക്കേടല്ലേ അത്?


അല്ല ഇക്കാ, മുത്ത് റസൂലിന്റെ മാതൃക അതാണ്. ഈ ഹദീസ് നിങ്ങൾ കേട്ടിട്ടില്ലേ.
ഏത് ഹദീസ്? ഒന്നു പറ.
'നിന്നോടു ബന്ധം മുറിച്ചവരുമായി നീ ബന്ധം ഉറപ്പിക്കുക. നിന്നോടു തെറ്റു ചെയ്തവനു നീ ഗുണം ചെയ്യുക. നിനക്കു ദുഷ്യമാണെങ്കിലും സത്യം മാത്രം പറയുക.'
ങേ, ഇങ്ങനെയും ഒരു ഹദീസുണ്ടോ?
ഉണ്ട്, സത്യമായും.
എന്നാൽ നടക്കെ്, ഞാനും വരാം കൂടെ.
ശരി ഇക്കാ, അല്ലാഹു ബറക്കത്ത് ചെയ്യട്ടെ.

പഠനം / ബാപ്പു




# പുതുവർഷപ്പുലരി

**ലോ**കമെങ്ങും പുതുവർഷാരംഭം ആഘോഷത്തിന്റെ ദിനമാണ്. നമ്മുടെ നാട്ടിലും പുതുവത്സരാഘോഷം പൊടിപൊടിക്കാനുള്ള ഒരുക്കത്തിലാണ് പലരും. ജനുവരി ഒന്നിനാണ് നമ്മുടെ നാടുകളിൽ പുതുവത്സരാഘോഷം നടക്കുന്നത്. എന്നാൽ പലരാജ്യങ്ങളിലും വ്യത്യസ്ത മാസത്തിലും ദിനങ്ങളിലുമാണ് പുതുവർഷം ആഘോഷിക്കുന്നത്. കൂട്ടുകാർക്ക് അറിയാൻ ചില വിശേഷങ്ങൾ.

ഒരു വർഷത്തിന്റെ അവസാനവും മറ്റൊരു വർഷത്തിന്റെ തുടക്കവുമായി വരുന്ന ദിവസങ്ങളിൽ സംസ്കാരവുമായി ബന്ധപ്പെട്ടുകിടക്കുന്ന ആഘോഷമാണ് പുതുവത്സരം. പല രാജ്യങ്ങളിലുമായുള്ള വ്യത്യസ്ത കലണ്ടർ സമയങ്ങളിലാണ് പുതുവത്സരം ആഘോഷിക്കുന്നത്. ഒരു പുതുവത്സരത്തിൽ നിന്ന് അടുത്ത പുതുവത്സരത്തിലേക്ക് മുന്നൂറ്റി അറുപത്തി അഞ്ചേ കാൽ ദിവസം വരും. ലോകമാകെ വ്യത്യസ്തയിനം ആഘോഷങ്ങളാണ് നടക്കുന്നത്. എങ്ങനെയൊക്കെയാണ് മറ്റു രാജ്യക്കാർ പുതുവർഷത്തെ സ്വീ

കരിക്കുന്നത് എന്നറിയാമോ ?

### ആഘോഷങ്ങളുടെ ആരംഭം

ജനുവരി ഒന്ന് പുതുവത്സരമായി ആചരിക്കുന്നത് ജോർജിയൻ കലണ്ടർ നിലവിൽ വന്നതിനുശേഷമാണ്. ഈ ആചാരം തുടങ്ങിയിട്ട് കുറച്ചു നൂറ്റാണ്ടുകളേ ആയിട്ടുള്ളൂ. മെസപ്പൊട്ടോമിയൻ സംസ്കാരത്തിൽ മാർച്ച് മധ്യത്തിലാണ് പുതുവത്സരദിനം വന്നിരുന്നത്. റോമൻ സാമ്രാജ്യകാലഘട്ടത്തിൽ ന്യൂമപോണ്ടിലസ് ചക്രവർത്തി ജനുവരി, ഫെബ്രുവരി മാസങ്ങൾ കൂടി കലണ്ടറിൽ ചേർക്കുകയും ജനുവരി 1 പുതുവത്സരദിനമായി കണക്കാക്കുകയും ചെയ്തു. റോമാക്കാർ ജനാലകളുടെയും വാതിലുകളുടെയും ദേവനായ ജാനസിനാണ് പുതുവത്സരദിനം സമർപ്പിച്ചിരിക്കുന്നത്. ജോർജിയൻ കലണ്ടർ കാത്തോലിക് പ്രോട്ടസ്റ്റൻഡ് രാജ്യങ്ങൾ ഒരുപോലെ അംഗീകരിച്ചപ്പോൾ യൂറോപ്പിലാകെ പതിനാറാം നൂറ്റാണ്ടു മുതൽ ജനുവരി 1 പുതുവത്സരദിനമായി ആചരിച്ചു തുടങ്ങി.

### മായൻ സംസ്കാരകാലത്ത്

മെക്സിക്കോ ഉൾപ്പെടുന്ന ലാറ്റിനമേരിക്കൻ പ്രദേശത്ത് നിലനിന്നിരുന്ന മായൻ സംസ്കാരകാലത്ത് വികസിപ്പിച്ച മായൻകലണ്ടറിൽ ഒരു വർഷം 360 ദിവസങ്ങളാണുള്ളത്. ഈ കലണ്ടറിനെ നിലവിലെ ജോർജിയൻ കലണ്ടറുമായി താരതമ്യം ചെയ്താൽ ജൂലൈ മാസത്തിലാണ് മായൻ സംസ്കാരത്തിൽ പുതുവർഷദിനം ആചരിച്ചിരുന്നത്. പഴയ പാത്രങ്ങളും ഉപകരണങ്ങളും വസ്ത്രങ്ങളും ഉപേക്ഷിച്ച് പുതിയവ സ്വീകരിച്ചാണ് മായൻ സംസ്കാരത്തിൽ പുതുവർഷദിനം ആഘോഷിച്ചിരുന്നത്.

### റാന്തൽ വിളക്കുകളുടെ അകമ്പടിയോടെ

വർഷത്തിന്റെ ആദ്യ ദിവസം ചന്ദ്രക്കല കണ്ടു തുടങ്ങുന്നതോടെയാണ് ചൈനയിലെ പുതുവത്സരാഘോഷങ്ങൾ തുടങ്ങുന്നത്, 15-ാം ദിവസം പൂർണചന്ദ്രനെ കാണുന്ന അന്നാണ് റാന്തൽ ഉത്സവം. രാത്രി റാന്തൽ വിളക്കുകളുടെ അകമ്പടിയോടെയാണ് പുതുവത്സരം

**January 2021**

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| 27 | 28 | 29 | 30 | 31 | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |
| 31 | 1 | 2 | 3 | 4 | 5 | 6 |

ആഘോഷിക്കുന്നത്. സൗരകലണ്ടറിനെ ആശ്രയിച്ചാണ് ന്യൂ ഇയർ ആഘോഷിക്കുന്നതെന്നതിനാൽ ചൈനയിൽ ഓരോ വർഷവും വ്യത്യസ്ത ദിവസങ്ങളിലാണ് ന്യൂ ഇയറായി കൊണ്ടാടാറുള്ളത്. കുടുംബാംഗങ്ങൾ പുതുവത്സരം ആഘോഷിക്കുന്നതും ചൈനയിൽ പതിവാണ്.

### ബ്രിട്ടൻ – അമേരിക്ക

ഗ്രേറ്റ് ബ്രിട്ടനും അമേരിക്കയും ഗ്രിഗോറിയൻ കലണ്ടറിനെ ആസ്പദമാക്കിയാണ് പുതുവർഷം ആഘോഷിക്കാറുള്ളത്. അതുകൊണ്ടുതന്നെ ഈ രണ്ടു രാജ്യങ്ങളിലും ജനുവരി ഒന്നിനുതന്നെയാണ് പുതുവത്സരം ആഘോഷിക്കാറുള്ളത്. എന്നാൽ അമേരിക്കയിലെ പുതുവത്സരാഘോഷം ഡിസംബർ 11-ന് അർധരാത്രി തന്നെ ആരംഭിക്കും. ജനുവരി ഒന്നിന് സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും വസതികളിൽ പോയി സ്നേഹം പങ്കുവയ്ക്കുന്നതും അമേരിക്കക്കാരുടെ ശീ

ലങ്ങളിൽ കാണാം.

### ജീവികളെ സ്വതന്ത്രരാക്കുന്നു

തെക്കുകിഴക്കൻ രാജ്യങ്ങളിൽ പുതിയ വേഷങ്ങൾ അണിഞ്ഞുകൊണ്ടാണ് ആളുകൾ നവവൽസരത്തെ വരവേൽക്കാറ്. തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ പ്രാവുക




ളെയും ആമകളെയും സ്വതന്ത്രമാക്കിയിട്ട് ന്യൂ ഇയർ ആഘോഷിച്ചുവരുന്നു. വരുന്ന വർഷം ഭാഗ്യം ഉറപ്പുവരുത്തുവാനാണ് ഇങ്ങനെ ചെയ്യുന്നതെന്നാണ് ആ നാട്ടുകാരുടെ വിശ്വാസം. ജപ്പാനിലെ പുതുവത്സരാഘോഷം ഇതിലും വ്യത്യസ്തമാണ്. ജനുവരി ഒന്നിന് ഒരാഴ്ച്ച മുൻപ് പൊതുചടങ്ങിൽ അരികൊണ്ടുള്ള കേക്ക് ഉണ്ടാക്കിയാണ് അവർ ആഘോഷത്തിന് തുടക്കം കുറിക്കുന്നത്.

### കേരളത്തിൽ

കൊല്ലവർഷം അനുസരിച്ചു കേരളത്തിൽ പുതുവത്സരദിനം ചിങ്ങം ഒന്നാണ്. ഹ്രസ്വകാലത്തേക്ക് വിരുന്നെത്തുന്ന വസന്തമാണ് ചിങ്ങമാസം. ആവണിപ്പൂക്കളുടെ സുഗന്ധം, ഓണാഘോഷത്തിന്റെ ആരവം, കൊയ്ത്തിന്റെയും മെതിയുടെയും ശബ്ദതാളം; മലയാളിയുടെ മനസ്സ് പ്രത്യാശ കൊണ്ട് നിറയുന്നത് ചിങ്ങം ഒന്നിനാണ്.

### മത്സരങ്ങൾ

ജനുവരി ഒന്ന് പുതുവത്സരദിനത്തിന്റെ പൊതു ആഘോഷമായി ഇന്ത്യ മുഴുവൻ ആചരിക്കുന്നു. മനുഷ്യരുടെ കൂട്ടായ്മയാണ് പുതുവത്സരാഘോഷത്തിന്റെ സവിശേഷത. പുതുവത്സര രാവിൽ മാനത്ത് പൊട്ടിച്ചിതറുന്ന കമ്പക്കെട്ടിന്റെയും പൂത്തിരികളുടെയും മാസ്മര ലോകം കാണുവാൻ അവർ ക

ടൽക്കരയിലും നദീതീരത്തും ഒത്തുചേരുന്നു. സ്വാതന്ത്ര്യത്തിന്റെ പ്രഘോഷമാണ് പുതുവത്സരരാവ്. സംഗീതവും കൂക്കിവിളികളും ആകാശത്തു പൊട്ടിച്ചിതറുന്ന അമിട്ടിന്റെ പ്രതിധ്വനികൾക്ക് ശ്രുതിചേർക്കുന്നു. വിവിധതരം കലാപ്രകടനങ്ങൾ, രുചികരമായ തീറ്റും കുടിയും, പുതുവസ്ത്രം ഇതൊക്കെ എല്ലാ രാജ്യങ്ങളിലും പുതുവത്സരത്തിന് പൊതുവായി കാണപ്പെടുന്നു. ചില രാജ്യങ്ങളിൽ കായിക മത്സരങ്ങളും പുതുവത്സര ദിനത്തിൽ നടത്തുന്നു.

## പ്രവചനങ്ങൾ

സ്വിറ്റ്സലാൻഡിൽ ഐഷോക്കി എന്ന ഒരിനം മത്സരം നടത്താറുണ്ട്. അമേരിക്കയിൽ ചുംബനോത്സവം, കൂട്ടായനൃത്തം, സ്പെയിനിൽ മുന്തിരിത്തീറ്റ മത്സരം.

ന്യൂഇയർ ദിനത്തിൽ വൃത്താകാരത്തിലുള്ള വസ്ത്രം ധരിക്കുന്നതും വൃത്താകാരത്തിലുള്ള പഴങ്ങൾ തിന്നുന്നതും ഫിലിപ്പൈൻസിൽ ഒരാചാരമാണ്. പുതുവത്സരത്തിലെ സംഭവങ്ങൾ പ്രവചിക്കുവാൻ ഓസ്ട്രിയയിലും ജർമ്മനിയിലും വിചിത്രമായ ഒരാചാരമുണ്ട്. വെള്ളം നിറച്ച ഒരു പാത്രത്തിലേക്ക് ഉരുകിയ ലെഡ് ഒഴിക്കുന്നു. ഉറയ്ക്കുന്ന ലെഡ് കണങ്ങൾ കൈക്കൊള്ളുന്ന രൂപങ്ങളെ വ്യാഖ്യാനിച്ചാണ് സംഭവങ്ങൾ പ്രവചിക്കുന്നത്.

## ശുഭപ്രതീക്ഷകളോടെ...

പലരും പൊതു ഇടങ്ങളിലേക്കെത്താതെ തന്നെ വീടിന്റെ സുരക്ഷിതത്വത്തിൽ പുതുവത്സരാഘോഷം കണ്ടുരസിക്കുന്നു. പുതുവർഷത്തിന്റെ മറ്റൊരു ഭാഗമാണ് ആശംസാകാർഡുകൾ. പുതുവത്സരദിനാശംസകൾ പങ്കുവയ്ക്കുന്ന ഭംഗിയുള്ള ഗ്രീറ്റിംഗ്സ്കാർഡുകൾക്കു പകരമാവില്ല നവമാധ്യമത്തിലൂടെയുള്ള ആശംസകളും സന്ദേശങ്ങളും. ആഘോഷങ്ങളുടെ വർണ്ണവെളിച്ചത്തിനപ്പുറം വേദനകളുടെ ആശങ്കകളുടെ നിരാംലബതയുടെ നിഴലുകളുണ്ടെന്നുള്ളത് നാം ഓർക്കുക. ലോകത്താകെ വ്യാപിക്കുന്ന കലുഷിതമായ അവസ്ഥ ഓരോ പുതുവത്സരത്തെയും ആശങ്കയോടെ വരവേൽക്കുവാൻ നമ്മളെ നിർബ്ബന്ധിതരാക്കു

## ആശംസകൾ വിവിധഭാഷകളിൽ

1. നവവർഷ ശുഭാശംസനാനി (സംസ്കൃതം)
2. നബോ ബർഡോ ആനന്ദോ മോയോ (ഒറീസ)
3. ഹോസ് വർഷദ് ശുഭാശ്യാലു (കന്നട)
4. നവ് വർഷേർ ശുഭേോരാ (ബംഗാളി)
5. പുതു ആൺടു വാഴ്തുകൾ (തമിഴ്)
6. നവവർഷ ആശംസകൾ (മലയാളം)
7. നൂതൻ സംവൽസര ശുഭകാംക്ഷലു (തെലുങ്ക്)
8. നവീൻ വർഷ് സുഖാ ചേവ: മംഗൾ മയ് ഹോവോ (മറാഠി)
9. നൂതൻ വർഷാഭിനന്ദൻ (ഗുജറാത്തി)
10. നയേ സാൽ ജുമ് തവാഖെ ലക്ലക് വാഡായു (സിന്ധി).
11. തുമ്കാ ആഗ്ലെ നവ വർഷാചേ ആശംസാ (കൊങ്കിണി)
12. നയാസാൽ മുബാറക് (ഉർദു)
13. നവേ. സാൽ ദി വധായി (പഞ്ചാബി)
14, നയേ സാൽ കീ ശുഭ് കാം നർ യേം (ഹിന്ദി)
15. ഹാപ്പി ന്യൂ ഇയർ (ഇംഗ്ലീഷ്).

ന്നു.

ലോകമാകെ ആഘോഷി ക്കുന്ന വർണ്ണശബളിമയാണ് ന്യൂഇയർ ലോകത്ത് ഏറ്റവും കൂടുതൽ ആഘോഷിക്കുന്ന ത് ഇതുതന്നെയായിരിക്കണം. പുതിയ പ്രതീക്ഷകളും നന്മ കളും ജീവിതവും എന്ന സ ങ്കൽപം ലോകത്തിന് നൽകു ന്ന ഓരോ പുതുവർഷവും കെങ്കേമമായാണ് കൊണ്ടാടു ന്നത്.

ഓരോ ജനുവരി ഒന്നും ഒ രു പ്രതീക്ഷാദിനമാണ്. പുതി യ സ്വപ്നങ്ങളും പ്രതീക്ഷക ളും തീരുമാനങ്ങളുമെല്ലാമെടു ക്കാൻ പലരും ഈ ദിനം ത ന്നെ തെരഞ്ഞെടുക്കാറുണ്ട്. അ തു പോലെ ആഘോഷങ്ങളും നിരവധിയാണ്. ടെലിവിഷൻ ചാനലുകൾ പുതുമയുള്ള പ രിപാടികൾ തയ്യാറാക്കിയത് ലൈവായി കാണുന്നതാണ് മ ലയാളിയ്ക്ക് പുതുവൽസരാ

ഘോഷം. എന്നാൽ ലോകമൊട്ടാകെ വലിയ ആഘോഷങ്ങൾ തന്നെയാണ് നടന്നു പോരുന്നത്.

യഥാർത്ഥത്തിൽ പുതുവർഷാഘോഷം നമ്മുടെ സംസ്കാരത്തിൽ പെട്ടതല്ല. പാശ്ചാത്യനാടുകളുടെ മതസംസ്കാരങ്ങളിൽ നിന്നും ആധുനിക പരിഷ്കാരങ്ങളിൽ നിന്നും നാം കടമെടുത്തതാണത്. ലഹരി ഉപയോഗവും കൂത്താട്ടങ്ങളും ആ ആഘോഷത്തെ നമുക്കൊരിക്കലും ഉൾക്കൊള്ളാൻ പറ്റാത്ത ദുരാചാവുമാക്കിക്കഴിഞ്ഞിരിക്കുന്നു.

# കേമൻ

**കാ**ട്ടുപൂച്ചയെ കണ്ടോടാ
കുഞ്ഞിക്കണാരാ
കറുകറുത്തൊരു കാലുണ്ട്
കരി പിടിച്ചൊരു കണ്ണുണ്ട്
കയറുപോലൊരു വാലുണ്ട്
കുഞ്ഞിക്കണാരാ
കൂർത്തുവളഞ്ഞ നഖമുണ്ടേ
കടിച്ചു കീറും വായുണ്ടേ
കുഞ്ഞിക്കണാരാ
കാട്ടുപൂച്ചയെ കണ്ടാ നീ,
കല്ലെടുത്ത് വടിയെടുത്ത്
കണ്ണുരുട്ടി കിടുകിടെ
കെണിയിലാക്കണം
കുഞ്ഞിക്കണാരാ നീ
കൂട്ടരിൽ കേമനാകണം.



**മൃദുല വി.എം**

# തുമ്പിയെ പിടിക്കാമോ

**കുഞ്ഞുമോൻ/അബൂതസ്നീം**

ഇന്നാരെയും കണ്ടില്ലല്ലോ കളിക്കാൻ! കാത്തിരുന്നു മടുത്തു കുഞ്ഞുമോൻ ഇടവഴിയിലേക്കിറങ്ങി. ഹാരിസ് വീട്ടിലുണ്ടാവും. അവൻ അങ്ങോട്ടു നടന്നു. നടത്തത്തിനിടയിൽ കുറ്റിക്കാട്ടിൽ എന്തോ അനക്കം കണ്ടു. ശ്രദ്ധിച്ചു നോക്കിയപ്പോഴാണു കണ്ടത്, ഹാരിസ് ഒരു മരത്തിനരികിൽ പതുങ്ങിയിരിക്കുന്നു. കുഞ്ഞുമോനെ കണ്ടപ്പോൾ അവൻ അനങ്ങാതെ നിൽക്കാൻ ആംഗ്യം കാട്ടി. എന്താണവൻ അവിടെ ചെയ്യാൻ പോകുന്നത് ? എന്തിനെയോ പിടിക്കാൻ പതുങ്ങിച്ചെല്ലുന്ന പോലെ.

ശ്രദ്ധിച്ചു നോക്കിയപ്പോഴാണു കണ്ടത്, അവന്റെ മുമ്പിലെ കുറ്റിച്ചെടിയിൽ ഒരു തുമ്പിയിരിക്കുന്നുണ്ട്. നല്ല ഭംഗിയുള്ള ഒരു തുമ്പി. അതിനെ പിടിക്കാനാണവൻ ശ്രമിക്കുന്നത്.

തുമ്പികൾ പാവം ജീവികളാണെന്നും അവയെ പിടിച്ചു കെട്ടി കല്ലെടുപ്പിക്കരുതെന്നും അവയെ കൊല്ലരുതെന്നുമൊക്കെ ഉസ്താദ് പലപ്പോഴും പറയാറുണ്ടായിരുന്നല്ലോ. അതൊക്കെ കേട്ടിട്ടും ഈ ഹാരിസിനു പഠിക്കാനായില്ലേ?

കുഞ്ഞുമോനൊരു കുസൃതി തോന്നി; ഒറ്റച്ചാട്ടത്തിനു തുമ്പിയെ പറത്തിക്ക



ളഞ്ഞു. ഹാരിസിന് അതൊട്ടും ഇഷ്ടമായില്ല. നല്ല വികൃതിയാണവൻ. ചെറിയ കാര്യം മതി കൂട്ടുകാരുമായി അടിയുണ്ടാക്കാൻ. അവൻ കൈയുയർത്തി കുഞ്ഞുമോനെ തല്ലാൻ വന്നു. കുഞ്ഞുമോൻ ഒരൊറ്റ ഓട്ടം. ചെന്നു നിന്നത് ഹാരിസിന്റെ വീട്ടുമുറ്റത്ത്. മുറ്റത്തു നിന്നു കിതയ്ക്കുന്ന കുഞ്ഞുമോനെ കണ്ട് ഹാരിസിന്റെ ഉമ്മ ഓടിവന്നു ചോദിച്ചു: "എന്തേ മോനേ, എന്തു പറ്റി? വല്ലതും കണ്ടു പേടിച്ചോ?" മറുപടി പറയുന്നതിനു മുമ്പെ ഹാരിസ് കൈ വീശിക്കൊണ്ട് മുറ്റത്തെത്തിക്കഴിഞ്ഞിരുന്നു. അവന്റെ ഉമ്മ ഇ

റത്തിച്ചു കളഞ്ഞില്ലേ, അതെന്തിനാ?"

"ഓ... അതാണല്ലേ കാര്യം. നെന്നോടു ഞാനെത്ര പ്രാവശ്യം പറഞ്ഞതാടാ ഈ പാവം തുമ്പികളെയും പൂമ്പാറ്റകളെയുമൊന്നും പിടിക്കരുതെന്ന്. പറഞ്ഞാൽ കേൾക്കൂല. എന്നിട്ടിപ്പോ ഒരു തുമ്പിന്റെ ജീവൻ രക്ഷിച്ചതിന് ഈ കുട്ടീന്റെ മേക്കിട്ട് കേറാ അല്ലേ, നെനക്ക് ഞാൻ വെച്ചിട്ടുണ്ട്...."



ഹാരിസിന്റെ ഉമ്മ വടിയെടുത്ത് അവനെ തല്ലാനോങ്ങി. അപ്പോൾ കുഞ്ഞിമോൻ പറ

ടയിൽ ചാടിനിന്നതു കൊണ്ടു അടി വീണില്ല.

"എന്താടാ ഇക്കാണിക്ക്ണത്, കുഞ്ഞുമോനെ അടിക്ക്വേ?" അവർ അവനോടു ദേഷ്യപ്പെട്ടു തള്ളി മാറ്റി. അപ്പോൾ അവൻ പറഞ്ഞു: "കുഞ്ഞോൻ ഞാൻ പിടിക്കാൻ പോണ തുമ്പീനെ പ

ഞ്ഞു : "അവനെ തല്ലേണ്ടിത്താ.. എന്നെ അവൻ തല്ലീട്ടില്ലല്ലോ."

"അല്ലാ, എന്താ ഇവിടെ ഒരു പ്രശ്നം?" പെട്ടെന്ന് വഴിയിൽ നിന്നു ചോദ്യം കേട്ട് എല്ലാവരും ഞെട്ടിത്തിരിഞ്ഞ് നോക്കി. അൻവർ സാറാണ്. സാറെങ്ങനെ ഇപ്പോൾ ഇവിടെയെത്തി?!

കുഞ്ഞുമോനും ഹാരിസും വാ പൊളിച്ചു നിന്നു പോയി.

കുഞ്ഞുമോൻ ഹാരിസിന്റെ ഉമ്മയോടു പറഞ്ഞു: "ഞങ്ങളെ സാറാ." ഉമ്മ സന്തോഷത്തോടെ സാറിനോടു കയറിയിരിക്കാൻ പറഞ്ഞു. അപ്പോൾ സാറ് പറഞ്ഞു: "ഇരിക്കുന്നില്ല. ഇതുവഴി പോയപ്പോ എന്റെ ക്ലാസ്സിലെ കുട്ടികളെ ഒന്നു കാണാന്നു വിചാരിച്ചു. ഓൺലൈൻ ക്ലാസ്സൊക്കെ നടക്കുന്നുണ്ടെങ്കിലും അവരുടെ പഠനത്തെക്കുറിച്ചൊക്കെ ഒന്നു ചോദിച്ചറിയണമല്ലോ. ഈ മുജ്തബയും ഹാരിസുമൊക്കെ നല്ല മിടുക്കരാണ് കേട്ടോ."

"മിടുക്കൊക്കെ ഉണ്ടാവും. എന്നാലും ഈ ഹാരിസ് വല്ലാത്ത വികൃതിയാണു സാറേ. ഇപ്പോത്തന്നെ കണ്ടില്ലേ, കൂട്ടുകാരനെ തല്ലാൻ ഓടി വന്നതാണിവൻ. ഞാൻ ഇടയിൽ പിടിച്ചതു കൊണ്ട് അടി നടന്നില്ല."

"നേരോ, ഹാരിസ് മുജ്തബാനെ അടിക്കാനോങ്ങിയോ? അതെന്തിന്?"

"ഞാൻ പിടിക്കാമ്പോണ തുമ്പീനെ അവൻ പറത്തിച്ച് കളഞ്ഞു." ഹാരിസ് വിഷമത്തോടെ പറഞ്ഞു.

"ങേ... അതാണോ പ്രശ്നം?"

അപ്പോഴേക്കും ഹാരിസിന്റെ ഉമ്മ ഇടപെട്ടു പറയാൻ തുടങ്ങി:"സാറേ സ്കൂളിലും മദ്റസയിലും പോകാനില്ലാതെയായപ്പോ അവന്റെ പണി ഇതൊക്കെയാ.. തുമ്പികളെയും പാറ്റകളെയും തവളകളെയുമൊക്കെ പിടിച്ചു കൊല്ലും. ഉറുമ്പുകളെ ചവിട്ടി ഞെരിക്കും. കാക്കകളെയും മറ്റു കിളികളെയും കല്ലെറിഞ്ഞു പറത്തിക്കും. കോഴികളുടെ പി

ന്നാലെയോടും. നായ്ക്കളെ കല്ലെടുത്തെറിയും..... പറഞ്ഞു പറഞ്ഞു ഞാൻ തോറ്റു സാറേ, ഇവനോട്."

"ഉമ്മ പറയുന്നതൊക്കെ ശരിയാണോ ഹാരിസേ?" സാറിന്റെ ചോദ്യം കേട്ട് ഹാരിസ് തലകുനിച്ച് നിന്നു; ഒക്കെ ശരിയാണെന്നു സമ്മതിക്കുന്ന മട്ടിൽ.

"രണ്ടാളും വന്നാട്ടെ, നമുക്കിത്തിരി വർത്തമാനം പറഞ്ഞിരിക്കാം."അൻവർ സാർ രണ്ടു പേരെയും കൂട്ടി അടുത്തു കണ്ട മരത്തിന്റെ ചുവട്ടിലേക്കു നടന്നു. അവിടെയിരുന്നു കൊണ്ട് സാറ് പറഞ്ഞു തുടങ്ങി: "ഞാനിന്നു രാവിലെ വീട്ടിൽ നിന്നിറങ്ങിയതാണ്. കുറച്ചു നടന്നപ്പോ ഒരു കാക്കപ്പട. കുറേ കാക്കകള് രണ്ടു കാക്കക്കുഞ്ഞുങ്ങളെ പറക്കാൻ പഠിപ്പിക്ക്വാണ്. ഞാനത് കുറേ നേരം നോക്കി നിന്നു. എന്തൊരു സ്നേഹമാണെന്നോ ആ കാക്കകൾക്ക് കുഞ്ഞുങ്ങളോട്. 'കാക്കയ്ക്കും തൻ കുഞ്ഞ് പൊൻകുഞ്ഞ്' എന്ന പഴഞ്ചൊല്ല് തികച്ചും ശരിയാണെന്ന് എനിക്കു ബോധ്യമായി.

പിന്നെയും നടന്നപ്പോൾ കുറ്റിക്കാട്ടിൽ നിന്നൊരു മുരൾച്ച കേട്ടു. അവിടെ ഒരു പട്ടി പ്രസവിച്ചു കിടക്കുന്നു. അഞ്ചാറു മക്കളുണ്ട്. അവയ്ക്ക്



അമ്മിഞ്ഞപ്പാല് കൊടുക്കുകയാണ് അമ്മപ്പട്ടി. അവയുടെ അച്ഛനായിരിക്കും ഒരു നായ കുറച്ചകലെയിരിക്കുന്നുണ്ട്. അമ്മയ്ക്കും മക്കൾക്കും കാവലിരിക്കയാണ്. എന്നെക്കണ്ടാണ് അത് മുരണ്ടത്. ആ കുഞ്ഞുങ്ങളെ എന്തെങ്കിലും ചെയ്യാൻ തുനിഞ്ഞാൽ അത് എന്റെ നേരെ ചാടിവീണ് കടിക്കുമെന്നുറപ്പാണ്. ഞാൻ മെല്ലെ അവിടെ നിന്നും മുന്നോട്ടു നടന്നു.



വഴിയരികിലെ വീട്ടുമുറ്റത്ത് ഒരു പൂച്ച അതിന്റെ കുട്ടികളെ കളിപ്പിക്കുന്നത് കണ്ടു. അത് വാലുയർത്തുകയും താഴ്ത്തുകയുമൊക്കെ ചെയ്യുന്നു. മക്കൾ അത് ചാടിപ്പിടിക്കാൻ ശ്രമിക്കുന്നു. എത്ര വാത്സല്യത്തോടെയാണെന്നോ പൂച്ച കുഞ്ഞുങ്ങളെ പരിപാലിക്കുന്നത്.

പിന്നെയും നടന്നപ്പോൾ റോഡിൽ ബസ് തട്ടി ചത്തുപോയ ഒരു നായയുടെ ശവം കണ്ടു. അതിനടുത്തു നിന്നു മറ്റൊരു നായ കരയുന്നു. മണത്തു നോക്കുന്നു. ദയനീയമായ ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു. എനിക്കും അത് കണ്ടപ്പോൾ വല്ലാത്ത സങ്കടം തോന്നി. ആ നായയുടെ പ്രിയപ്പെട്ട ആരോ ആണ് ചത്തുകിടക്കുന്നതെന്നുറപ്പാണ്.

പിന്നെയും നടന്നു നടന്ന് ഇവിടെയെത്തിയപ്പോൾ ഒരു തുമ്പിയെക്കണ്ടു. അതിന്റെ വയറ്റത്ത് മറ്റൊരു കുഞ്ഞു തുമ്പി പറ്റിപ്പിടിച്ച് കിടക്കുന്നു. അമ്മത്തുമ്പി കുഞ്ഞുതുമ്പിയെ ഒക്കത്തേറ്റിയാണ് ഇര തേടി വന്നിരിക്കുന്നതെന്നെനിക്ക് തോന്നി.

മക്കളേ, നമുക്കു ചുറ്റും ഇത്തരം അനേകം ജീവജാലങ്ങളുണ്ട്. നമ്മെപ്പോലെ അവയ്ക്കും വിശപ്പുണ്ട്, ദാഹമുണ്ട്, വേദനയും ദുഃഖവുമുണ്ട്. നമുക്കു പ്രിയപ്പെട്ടവരുള്ളതു

പോലെ അവയ്ക്കും പ്രിയപ്പെട്ടവരുണ്ട്. പ്രിയപ്പെട്ടവർക്കെന്തെങ്കിലും ദുരന്തം സംഭവിച്ചാൽ അവയ്ക്കുമുണ്ടാവും ദുഃഖവും പ്രയാസവും. ഏതു ചെറിയ ജീവിക്കും വലിയ ജീവിക്കും ഇങ്ങനെ സ്വന്തക്കാരും ബന്ധക്കാരുമൊക്കെയുണ്ട്. അതൊന്നും മനസ്സിലാക്കാതെയാണല്ലോ നമ്മൾ അവയെ ദ്രോഹിക്കുന്നത്.

എന്തിനാണവയെ ദ്രോഹിക്കുന്നത്? തുമ്പികളോ ഉറുമ്പുകളോ പൂമ്പാറ്റകളോ നമുക്കെന്തെങ്കിലും പ്രയാസമുണ്ടാക്കുന്നുണ്ടോ? ഇനി എന്തെങ്കിലും പ്രയാസമുണ്ടെങ്കിൽ തന്നെ നമ്മൾ അവയെ ഉപദ്രവിക്കാൻ പോവുമ്പോഴല്ലേ ഉണ്ടാവുന്നത്!

അതുകൊണ്ട് ഒരു ജീവിയെയും ഉപദ്രവിക്കരുത് മക്കളേ. അവയ്ക്ക് ഉപകാരങ്ങളൊന്നും ചെയ്ത് കൊടുക്കാൻ കഴിഞ്ഞില്ലെങ്കിലും ഉപദ്രവിക്കാതിരിക്കുക.

പിന്നെ, ഒരു കാര്യം കൂടി ഓർക്കണേ: ഈ പ്രകൃതിയിലെ ജീവജാലങ്ങളെല്ലാം മനുഷ്യരായ നമ്മൾക്ക് ഏതെങ്കിലും വിധത്തിൽ ഉപകാരം ചെയ്യുന്നുണ്ട്. അത് നമുക്ക് മനസ്സിലാവുന്നില്ല എന്നേയുള്ളൂ. 'ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കു വേണ്ടിയാണ് സൃഷ്ടിച്ചത്' എന്നു സ്രഷ്ടാവ് പറഞ്ഞിട്ടുണ്ട്. സ്രഷ്ടാവിനാണല്ലോ എല്ലാ കാര്യങ്ങളുടെയും യാഥാർത്ഥ്യമറിയുക. അവൻ പറഞ്ഞത് സത്യമാണ്. പല ജീവികളുടെയും ഉപകാരങ്ങൾ നാമിപ്പോൾ തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്നേയുള്ളൂ. അതുകൊണ്ട് നാം ഇതര ജീവികളെയൊന്നും ദ്രോഹിക്കരുത്. കൊല്ലരുത്. ആ ജീവികൾക്കും നിലനിൽക്കാനാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കണം."

കുഞ്ഞുമോനും ഹാരിസും സാറിന്റെ മുഖത്തേക്കു തന്നെ നോക്കിയിരുന്നു. സാറ് സംസാരം നിർത്തി രണ്ടുപേരുടെയും മുഖത്തേക്കു നോക്കി. അപ്പോൾ ഹാരിസിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. അവൻ മെല്ലെ പറഞ്ഞു: "ഞാനിനി ഒന്നിനെയും ഉപദ്രവിക്കുകയില്ല."



## പ്രൊഫസർ ബട്ടൂരയുടെ
# ന്യൂസിലാന്റ് വിശേഷങ്ങൾ

യാത്രാസംവിധാനങ്ങളിലെ രാജാവ് ആരെന്നു ചോദിച്ചാൽ നിസ്സംശയം പറയാം... അത് എയ്റോപ്ലെയ്ൻ അഥവാ വിമാനം ആണെന്ന്! വിമാനങ്ങളുടെ അഢംബരവും പ്രൗഢിയുമൊന്നും മറ്റു വാഹനങ്ങൾക്ക് അവകാശപ്പെടാനാവില്ല!

വിമാനങ്ങൾ ഉയരുകയും ഇറങ്ങുകയും ചെയ്യുന്ന റൺവേകളിൽ മറ്റു വാഹനങ്ങൾക്കെന്നല്ല, ഒരു പറവയ്ക്കു പോലും പ്രവേശനമില്ല! അത്ര കണ്ട് സുരക്ഷയാണ് വിമാനങ്ങൾക്ക് ഒരുക്കിയിരിക്കുന്നത്!




ന്യൂസിലാന്റിലെ ഗിസ്ബോൺ എയർപോർട്ടിലെ റൺവേയ്ക്ക് മദ്ധ്യത്തിലൂടെ ഒരു റെയിൽവേ ട്രാക്ക് കടന്നു പോവുന്നുണ്ട്. അതിലൂടെ ട്രെയ്നുകളും കടന്നു പോവാറുണ്ട്.

ട്രെയ്നുകൾ കടന്നു പോവാൻ വേണ്ടി പലപ്പോഴും വമ്പൻ വിമാനങ്ങൾക്ക് ഉയരാൻ കഴിയാതെ റൺവേയിൽ കാത്തിനിൽക്കേണ്ടി വരാറുണ്ട്!!!

# മുത്ത്നബിയുടെ കൂട്ടുകാരൻ

## വിഗ്രഹങ്ങൾക്കു മുന്നിൽ തലകുനിക്കാതെ

അബൂബക്കർ വളർന്നു തുടങ്ങി. ഇളം പ്രായം മുതൽ സുകൃതങ്ങളുടെ സൽവഴിയിൽ ചലിക്കാനായിരുന്നു ആ കുഞ്ഞിനിഷ്ടം.

മകന്റെ വളർച്ചയിൽ ഉമ്മുൽഖൈറും അബൂഖുഹാഫയും മനം നിറഞ്ഞ് ആനന്ദിച്ചു.

നല്ല ശീലങ്ങൾ ചിട്ടയോടെ പഠിപ്പിച്ചു കൊടുത്തു.

വിഗ്രഹങ്ങൾക്കു മുന്നിൽ തലകുനിക്കുന്നത് അക്കാലത്ത് മക്കയിലെ ജനങ്ങളുടെ പതിവു ചര്യയാണ്. ഇബ്രാഹീം നബി(അ)മും ഇസ്മാഈൽ നബി(അ)മും പടുത്തുയർത്തിയ പരിശുദ്ധ കഅ്ബയിൽ നിരന്നു നിൽക്കുകയാണ് ബിംബങ്ങൾ. ലാത്തയും ഉസ്സയും മനാത്തയും..... അങ്ങനെയങ്ങനെ ഒരുപാട്. അതിനു പുറമേ ഓരോ വീട്ടിലും ഓരോ പൂജാമുറികൾ. ജനങ്ങൾ അവയുടെ മുമ്പിൽ പോയി വണങ്ങും. വേവലാതികൾ പറയും. കാര്യം സാധിക്കുന്നതിനായി തൊഴുതുനിന്ന് എന്തൊക്കെയോ പ്രാർത്ഥിക്കും.

ഒന്നും കേൾക്കാതെ, കാണാതെ, ബിംബങ്ങൾ അതേ നിൽപ്പുതന്നെ!

ഒരു ദിവസം അബൂ ഖുഹാഫ വാൽസല്യത്തോടെ മകനെ വിളിച്ചു: "മോനേ ഇങ്ങോട്ട് വരൂ..." കുട്ടിയായ അബൂബക്കർ ഉപ്പയുടെ അടുത്തെത്തി.

അബൂഖുഹാഫ പൂജാമുറിയുടെ കവാടം തുറന്നു. മുഖത്ത് പുഞ്ചിരി വിടർത്തി പുന്നാര മോനോട് പറഞ്ഞു: "മോനേ, ഇതാ നമ്മുടെ ദൈവം. ആവിശ്യമുള്ളത് ചോദിച്ചോളൂ..."

അബൂബക്കറിന് ഒന്നും തോന്നിയില്ല. കല്ലുകൾ ചേർത്തുവെച്ചുണ്ടാക്കിയ നിശ്ചല രൂപങ്ങൾക്ക് എന്തിനു കഴിയും? അവയെങ്ങനെ പ്രാർത്ഥനകൾ കേൾക്കും? വിവരദോഷികളല്ലാതെ ആരാണ് ബിംബങ്ങളെ വണങ്ങുക?

സമൂഹം ചെയ്യുന്ന അർത്ഥശൂന്യമായ പ്രവൃത്തികൾ കണ്ട് അബൂബക്കറിന് പുച്ഛം തോന്നി. എങ്കിലും ഉപ്പയുടെ നിർദേശം മാനിച്ച് ബിംബങ്ങളുടെ മുമ്പിലെത്തി.

മൂകമായി നിൽക്കുന്ന ബിംബങ്ങളോട് രണ്ടു ചോദ്യങ്ങൾ ചോദിച്ചു:

"ബിംബമേ, എനിക്ക് നല്ല വിശപ്പുണ്ട് കഴിക്കാനെന്തെങ്കിലും തരൂ?"

കല്ലുകൾ മൂകമായി നിന്നു. "എനിക്ക് ധരിക്കാൻ വസ്ത്രങ്ങൾ തരൂ?"

മറുപടിയില്ലാതെ നിശ്ചലമായി നിൽക്കുന്നതു കണ്ടപ്പോൾ അബൂബക്കർ വലിയൊരു കല്ലെടുത്ത് ബിംബങ്ങളുടെ തലയിലിട്ടു.അവ പൊടിഞ്ഞു വീണു. അബൂബക്കർ അവിടെ നിന്നു തിരിച്ചു നടന്നു...

(തുടരും)




വന്യവും നിഗൂഢവും ഭീതിജന്യവുമായ ആമസോൺ വനാന്തരത്തിലൊരിടത്തുള്ള വജ്രഖനിയിലെ ഒരു കാപ്പിരിത്തൊഴിലാളിക്ക് ഒരു അപൂർവ്വ വജ്രം കിട്ടുന്നു. നൂറ്റാണ്ടിൽ ഒരിക്കൽ മാത്രം കണ്ടെത്താനിടയുള്ള ... ഒരു... അപൂർവ്വ വജ്രം !!
ഹോ! ഒരു പത്ത് തലമുറക്കെങ്കിലും ജീവിക്കാൻ.. ...ഇത്... ഇത്...മതിയാവും!
...ഇതു ഞാൻ ആർക്കും കൊടുക്കില്ല!! ആർക്കും.!
ആമസോൺ
ചിത്രകഥ ആരംഭിക്കുന്നു
ഖനിയുടെ സൂപ്പർവൈസർക്ക് സംശയം തോന്നുന്നു....
എന്താടോ...ഒരു പരുങ്ങൽ ? ങ്ങേ?
.. ഓ.... ഒന്നുമില്ല സാ്ാർ!
...കള്ളം മനസ്സിലാവുന്നു...
..ഇതിനുള്ള ശിക്ഷ ഇതാണ്.... വഞ്ചകാ!
ഠിഷ്യൂം


ആമസോൺ വജ്രത്തിന്റെ ആദ്യ രക്തസാക്ഷി!
ഹോ! ഇതൊരു ഗംഭീരൻ **വജ്രം** തന്നെ!
...ബോസ് അറി-യാതെ ആ വജ്രം കടത്താൻ ശ്രമിച്ച സൂപ്പർ വൈസർക്കും താൻ കൊന്ന... കാപ്പിരിയുടെ അതേ ഗതി വന്നു! ....രണ്ടാമത്തെ രക്തസാക്ഷി !!
എല്ലാ വഞ്ചകൻമാ-രുടേയും ഗതി ഇതു തന്നെ!
ആ....
അഞ്ച് മരണങ്ങൾക്കും ഏഴ് കൈമാറലുകൾക്കും ശേഷം **ആമസോൺ**, വെനിസ്വലയിലെ വജ്ര വ്യാപാരി യായ " ടിം പെരേര " യുടെ കൈകളി-ൽ എത്തുന്നു!
സുന്ദരൻ തന്നെ !! ...പക്ഷേ...**ഭയങ്കരനും** !! ..ഇവനെ അധികകാലം കൈവശം വയ്ക്കാനാവില്ല! ...വേഗം മറിക്കണം!
... അങ്ങനെ...**ആമസോൺ** കൈ മാ-റാനായി പെരേരയുടെ നാലംഗ സംഘം ഇന്ത്യയിൽ എത്തുന്നു ....ഗുജറാത്തിൽ!
DUTY FREE
ARRIVAL
2



സൂറത്തിലെ പ്രമുഖ വ്യവസായി ജിതിൻ ഷാ കോടികൾ ചിലവാക്കി ആമസോണിന്റെ പുതിയ **ബോസ്സ്** ആയി!
...അടുത്ത ദിവസം തന്നെ ജിതിൻ ഷാ കൊലചെയ്യപ്പെട്ടു!! ആറാമത്തെ രക്തസാക്ഷി !!
ആമസോൺ അപ്രത്യക്ഷമായി
ഗുജറാത്തിലെയും ഡൽഹിയിലെയും പ്രമുഖ പോലീസ് ഉദ്യോഗസ്ഥർ അന്വേഷിച്ചിട്ടും കൊലയാളിയെ കണ്ടുപിടിക്കാനായില്ല !!
ഒരു രക്ഷയുമില്ല സാർ!!
കേന്ദ്രത്തിൽ നിന്നും സമ്മർദ്ദം കൂടി വന്നു. ഗുജറാത്ത് പോലീസ് ചീഫിന്റെ തല പുകഞ്ഞു.
എത്രയും പെട്ടെന്ന് കൊലയാളിയെ പിടികൂടിയില്ലെങ്കിൽ ... എന്റെ തൊപ്പി തെറിക്കും!!
എന്താണൊരു വഴി?
..കേരളാ പോലീസ് ഇക്കാര്യത്തിൽ വിദഗ്ദരാണ്!! ..അവരുടെ സഹായം തേടാം!
കേരള പോലീസ് ചീഫ് കുൽക്കർണി എന്റെ ഒരു പഴയ സുഹൃത്താണ്!!
③


കേരള പോലീസ് ചീഫ് – കുൽക്കർണ്ണി.
ഓക്കെ മിശ്ര സാർ! മിടുക്കനായ ഒരാളെ ഞാൻ അയച്ചുതരാം!!
...പക്ഷേ അയാൾക്കൊരു കുഴപ്പമുണ്ട്!!
.. കേരള ചീഫ് ഒരാളെ ഏർപ്പാടാക്കിയിട്ടുണ്ട്!! വിദഗ്ദ്ധനാണയാൾ!!
.. പക്ഷേ, സാർ അന്യ സംസ്ഥാനത്തു നിന്നും ഒരാളെ വരുത്തിയാൽ ... നമുക്ക് കുറച്ചിലല്ലേ?
ഒരു പ്രശ്നവുമുണ്ടാവില്ല! ...ഇയാൾ നമ്മുടെ ആളായിട്ടാവും ഇവിടെ പ്രവർത്തിക്കുക!!
.. പക്ഷേ.. അയാളുടെ മലയാളി... ലുക്ക്?
കുൽക്കർണ്ണി അയച്ചുതന്ന അയാളുടെ ഫോട്ടോ കണ്ടോ?
WOW! ഭയങ്കര ഗ്ലാമർ!! .. നോർത്ത് ഇന്ത്യൻ ലുക്ക് തന്നെ!!
..പക്ഷേ ഇയാൾക്ക് എന്തോ കുഴപ്പമുണ്ടെന്ന് പറഞ്ഞല്ലോ?!
കുഴപ്പം... എന്താണെന്ന് വച്ചാൽ...ഇയാൾ ഫുൾ ടൈം... കറക്കത്തിലാവും!!
ങേ!
... എന്ന് വച്ചാൽ ... വേൾഡ് ടൂർ!!
ഓസ്ട്രിയായിലെ ഹാൽസ്റ്റാറ്റ്.
ചതിച്ചു!! ചീഫിന്റെ കാൾ!!
ഹലോ ചീഫ്!! എന്ത് ?!? ... ഉടനേ വരണോ?
അയ്യോ.. ചീഫ്!! ഞാൻ ഒറ്റപ്പാലത്തല്ലാ.... ഓസ്ട്രിയായിലാണ്!! ചതിക്കല്ലേ ചീഫേ...... ....ശരി....
F/2020
4
തുടരും

# പൂവാലനും പുന്നാരയും വട്ടക്കണ്ണൻ പരുന്തും

**ചാരു**

പൂവാലൻ പൂവൻകോഴിയുടെ പുന്നാര പിടക്കോഴി പത്തു മുട്ടകളിട്ടു.

വയലായ വയലും കാടായ കാടുമെല്ലാം കൊത്തി പെറുക്കി നടക്കുമ്പോൾ പിടക്കോഴിക്ക് തന്റെ മുട്ടകളെക്കുറിച്ച് വേവലാതിയാണ്....

മുട്ടകൾ ആരും കൊണ്ടുപോകില്ല എന്ന് പറഞ്ഞു പൂവാലൻ പൂവൻകോഴി അവളെ സമാധാനിപ്പിക്കും. എത്ര ശ്രമിച്ചിട്ടും പിടക്കോഴിപ്പെണ്ണിന് സമാധാനം കിട്ടുന്നില്ല എന്ന് കണ്ടപ്പോൾ പൂവാലൻ തന്റെ ചങ്ങാതിയായ വട്ടക്കണ്ണൻ പരുന്തിനെ തങ്ങളുടെ മുട്ടകൾ നോക്കാനേൽപ്പിച്ചു.

ഒരു മലയടിവാരത്ത് മുറിവുകളേറ്റ് ഉറുമ്പരിച്ചു കിടന്നിരുന്ന വട്ടക്കണ്ണനെ മരുന്ന് പുരട്ടി മുറിവെല്ലാം ഉണക്കി നേരെയാക്കിയത് പൂവാലനായിരുന്നു.. അന്നു മുതൽ വട്ടക്കണ്ണനും പൂവാലനും ഉറ്റ ചങ്ങാതിമാരാണ്...

വട്ടക്കണ്ണനെ മുട്ടകൾ നോക്കൻ ഏൽപിച്ചത് പുന്നാരപ്പിടക്കോഴിക്ക് ഇഷ്ടമായതേയില്ല. എത്ര വലിയ ചങ്ങാതിയായാലും പണ്ടു മുതൽക്കേ കോഴികളുടെ ശത്രുവാണ് പരുന്തുകൾ. കോഴിക്കുഞ്ഞുങ്ങളെ കണ്ടാൽ അവർ വർഗ്ഗ സ്വഭാവം കാണിക്കാതിരിക്കില്ല, തങ്ങളുടെ മക്കളെ വട്ടക്കണ്ണൻ ഉപദ്രവിക്കുമെന്നു പൂവാലനെ പറഞ്ഞു മനസ്സിലാക്കാൻ പിടക്കോഴി ശ്രമിച്ചു. പക്ഷേ പൂവാലൻ തന്റെ ചങ്ങാതിയെ സംശയിക്കാൻ തയ്യാറായതേയില്ല. അത് പുന്നാരപ്പിടക്കോഴിക്കു വിഷമം ഉണ്ടാക്കിയെങ്കിലും അവളത് പൂവാലനോട് കാണിക്കാതെ തന്റെ മുട്ടകൾക്ക് മേൽ അടയിരിക്കാൻ തീരുമാനിച്ചു.

അന്നു മുതൽ പൂവാലൻ തനിച്ചായി തീറ്റ തേടൽ. പൂവാലൻ പുറത്തു പോകുമ്പോൾ വട്ടക്കണ്ണൻ ഉയരമുള്ള മാവിൻകൊമ്പിലിരുന്നു ചുറ്റുപാടും നിരീക്ഷിക്കും.

പിടക്കോഴി അടയിരിക്കുന്നതിന്റെ അടുത്തുകൂടി പോകുന്ന പാമ്പുകളെയും മറ്റും വട്ടക്കണ്ണൻ

കൊത്തിയെടുത്തു ദൂരെ കളയും. ചിലപ്പോൾ ഒക്കെ പിടക്കോഴിക്ക് വട്ടക്കണ്ണൻ ചെറിയ പുൽച്ചാടികളെയും മറ്റും കഴിക്കാൻ കൊടുക്കുകയും ചെയ്തു

പതിയെപ്പതിയെ കോഴിയമ്മക്ക് വട്ടക്കണ്ണൻ പരുന്തിൽ വിശ്വാസമായി..

അങ്ങനെ ഇരുപത്തൊന്നു ദിവസം കഴിഞ്ഞു. അടയിരുന്ന മുട്ടക്കുള്ളിൽ നിന്നു മഞ്ഞ നിറമുള്ള കൊക്കുമായി കോഴിക്കുഞ്ഞുങ്ങൾ വിരിഞ്ഞിറങ്ങി.

പൂവാലനും പുന്നാരയും കൂടി കോഴി കുഞ്ഞുങ്ങൾക്കൊപ്പം തീറ്റ തേടാനിറങ്ങി. അത് നല്ല ഭംഗിയുള്ളൊരു കാഴ്ചയായിരുന്നു.

ഒരു ദിവസം കോഴിക്കുഞ്ഞുങ്ങളിൽ തവിട്ടു വരയനായ കുഞ്ഞുകോഴിയെ കാണാതായി... പൂവാലനും പുന്നാരയും എല്ലായിടത്തും തേടി നടന്നു. കോഴിക്കുഞ്ഞിനെ കണ്ടു കിട്ടിയതേയില്ല. പെട്ടന്നാണ് പുന്നാരിക്ക് തോന്നിയത് വട്ടക്കണ്ണനായിരിക്കുമോ തങ്ങളുടെ പൊന്നോമനയെ കൊണ്ടുപോയത്. പുന്നാരപ്പിടക്കോഴി തന്റെ സംശയം പൂവാലനോട് പങ്ക് വച്ചു.

വട്ടക്കണ്ണൻ അത് ചെയ്യില്ല എന്ന് പൂവാലൻ തർക്കിച്ചു.

പാവം പുന്നാര. തന്റെ ബാക്കിയുള്ള മക്കളെ ചേർത്തുപിടിച്ചു തവിട്ടു വരയനെയോർത്തു കണ്ണീ



രോഴുക്കി.

പിറ്റേന്ന് വീണ്ടും പൂടയില്ലാത്തൊരു കോഴിക്കുഞ്ഞിനെ കാണാതായി. പൂവാലനും പുന്നാരയും കൊക്കിക്കൊണ്ട് അവിടെയെല്ലാം കോഴികുഞ്ഞിനെ തേടിനടന്നു.

അപ്പോഴാണ് പുന്നാര കണ്ടത്, വട്ടക്കണ്ണൻ പരുന്ത് തന്റെ ചുണ്ടും നഖങ്ങളും മിനുക്കുന്നു. അവനിരിക്കുന്ന മരത്തിന്റെ കീഴിലായി തങ്ങളുടെ പോന്നോമനയുടെ കുഞ്ഞു പൂടകളും. പുന്നാര കരഞ്ഞു കൊണ്ട് പൂവാലനെ അത് കാണിച്ചു കൊടുത്തു.

പൂവാലനും അത് കണ്ടു സങ്കടമായി.

പുന്നാരയുടെ കരച്ചിൽ കണ്ടു പൂവാലൻ അവളോട് പറഞ്ഞു:

സ്നേഹിതനെ വഞ്ചിച്ച അവനെ ഞാൻ ഇനി വിശ്വസിക്കില്ല. അവൻ ഇനി എന്റെ സ്നേഹിതനല്ല. എന്റെ മക്കളെക്കൊന്നവനെ ഇല്ലാതാക്കാൻ എനിക്ക് ശക്തിയില്ലല്ലോ എന്ന് പറഞ്ഞു പൂവാലൻ കരഞ്ഞു.

പുന്നാരക്കോഴി അപ്പോൾ പൂ



വാലനോട് പറഞ്ഞു: "ആ ശക്ത നോട് നേരിടാൻ നമുക്കൊരു വഴി കാണാം."

അതു പറഞ്ഞ് പുന്നാര സ്വകാര്യമായി പൂവാലന്റെ ചെവിയിൽ എന്തോ പറഞ്ഞു. പൂവാലൻ അതുകേട്ടു വേഗം പുറത്തിറങ്ങി. പുന്നാരയാവട്ടെ അവൾ കിടക്കുന്ന വൈക്കോൽ കുറച്ചെടുത്തു ഒരു തുണിയിൽ പൊതിയാനും തുടങ്ങി. അപ്പോഴാണ് പൂവാലൻ തിരിച്ചെത്തിയത്. അവന്റെ കൊക്കിൽ ഒരു പടക്കമുണ്ടായിരുന്നു. പുന്നാര ആ പടക്കമെടുത്തു വൈക്കോൽ പൊതിഞ്ഞ ആ തുണിയിൽ നിക്ഷേപിച്ചു വീണ്ടും പൊതിഞ്ഞു. അപ്പോൾ അതിനൊരു കുഞ്ഞുകോഴിയുടെ രൂപം വന്നിരുന്നു.


ശരിക്കും കണ്ടാൽ പൂവാലന്റെയും പുന്നാരയുടെയും കോഴിക്കുഞ്ഞാണെന്ന് തോന്നുന്ന ഒരു കോഴിക്കുഞ്ഞ്.


പൂവാലൻ ആ തുണിയിൽ പൊതിഞ്ഞ കോഴിക്കുഞ്ഞിനെ എടുത്ത് കൂടിനു പുറത്തേക്കു നടന്നു. പുറകെ പുന്നാരയും ബാക്കിയുള്ള കോഴിക്കുഞ്ഞുങ്ങളുമുണ്ടായിരുന്നു.


വൈക്കോൽ കോഴിക്കുഞ്ഞിനെ കൂടിനു പുറത്തുവച്ച് പൂവാലനും പുന്നാരയും കോഴിക്കുഞ്ഞുങ്ങളും ചികഞ്ഞുനടന്നു.


അവർ പുറത്തേക്കിറങ്ങുന്നത് നോക്കി യിരുന്ന വട്ടക്കണ്ണൻ പരുന്തിന്റെ കണ്ണുകൾ ഒറ്റക്കു നിൽക്കുന്ന ആ കോഴിക്കുഞ്ഞിലായിരുന്നു. അവൻ മരത്തിൽ നിന്നും താഴ്ന്ന് പറക്കൽ. കോഴികുഞ്ഞിനെ കൊത്തിയെടുത്തു മരത്തിലെത്തി. കാലുകൾ കൊണ്ട് അതിനെ ചവിട്ടിപ്പിടിച്ചു വട്ടക്കണ്ണൻ ആഞ്ഞു കൊത്തി. 'ഠേ' ശബ്ദം കേട്ട് പൂവാലനും പുന്നാരയും ആ മരത്തിന്റെ കീഴിൽ ഓടിയെത്തി. ആ മരത്തിന്റെ ചുവട്ടിൽ ചോരയൊലിപ്പിച്ചു വട്ടക്കണ്ണൻ കിടപ്പുണ്ടായിരുന്നു.

പൂവാലൻ വച്ച പടക്കമായിരുന്നു കൂർത്ത ചുണ്ടുകൊണ്ട് വട്ടക്കണ്ണൻ കൊത്തിപ്പൊട്ടിച്ചത്. അവന്റെ കിടപ്പു കണ്ടു പുന്നാര പിടക്കോഴിയും പൂവാലൻ പൂവൻ കോഴിയും ആശ്വാസത്തോടെ മക്കളെയും ചേർത്തു പിടിച്ചു കൂട്ടിലേക്കു പോയി.





മിസ്റ്റർ
മണ്ടപ്പൻ
അപ്പന്മാരുടെ മറ്റൊരു പ്രഭാതം
അസിസ്റ്റന്റു മാർക്ക എന്നും അടുക്കളപ്പണിയാ
പെട്ടെന്ന്
യേമാൻമ്മാരായിരിക്കുമോ?
ട്ർണീം... ട്ർണീം....
യേസ് അപ്പൻ റ്റു സ്പീക്കിംഗ്!
നിങ്ങൾ വലിയ സി. ഐ. ഡിമാരല്ലേ, ചുണയുണ്ടേൽ ഞങ്ങളെയൊന്നു തൊട്ടു നോക്ക്!
തൊടുന്നതെങ്ങനെയെഡേ... മൊബൈൽ ഫോൺ വഴി
നിങ്ങൾ ആരാണ് ഹേ ഇങ്ങനെ സെൽ ഫോൺ ഭീഷണി മുഴക്കാൻ


നിന്റെയൊക്കെ അന്തകൻ തന്നെയെഡേ! തിരുതാളി കുങ്കൻ!
മ്മേ! പുതിയ സാധനം! തിരുതാളി കുങ്കൻ! ഹിതാരെഡാ
അണ്ണേ എണീറ്റേ.. എണീറ്റേ...
എന്തെഡേ മച്ചൂ... ഒന്നുറങ്ങാൻ സമ്മതിക്കാതെ
ഉറക്കമുണർന്ന മണ്ടപ്പനെ ഫോൺ ഭീഷണി വാലപ്പൻ അറിയിച്ചു
അവന്മാരുടെ കള്ളുവാറ്റു കേന്ദ്രത്തെപ്പറ്റി ഏമാന്മാര് ഇന്നലെ സൂചന തന്നിരുന്നല്ലോ
അതെയതെ അണ്ണേ!



അവരെ തൊട്ടാൽ അക്കളി തീക്കളിയെന്നാണ് ഭീഷണി!
മച്ചൂ ഒരേറ്റുമുട്ടലിന് ആരോഗ്യം മോശമാ... നമുക്കൊരു കാര്യം ചെയ്യാം
എന്താ അണ്ണേ
പലായനം
ങേ!
അങ്ങനെ
മൊബൈലിന് കവറേജില്ലാത്തിടത്തേക്ക് വിട്ടോ! അണ്ണേ
അപ്പോൾ
ങേ!
!!
ഹെന്റയ്യോ! ഒരാന!
ആന വഴിമുടക്കുക മാത്രമല്ല അപ്പന്മാർക്കു നേരെ കലിയിളകിക്കൊണ്ട്...
അണ്ണേ ഇത് ചില്ലറക്കേസല്ല!
അതെയതെ


പിറകിലോട്ടു തിരിക്കാൻ സമയവുമില്ല ല്ലേ, മച്ചൂ!
ഇനിയെന്തു ചെയ്യും അ ണ്ണേ
ഒരു കാര്യം ചെയ്യണ്ണേ, ആനയുടെ കാ ലുകൾക്കിടയിലൂടെ ഡൈവ് ചെയ്യൂ!
വരുന്നതു വരട്ടേ. ഹല്ല പിന്നെ!
യെസ് ഐഡു മച്ചൂ!
അങ്ങനെ
കാത്തോളീ...!!



എന്നാൽ ഒറ്റയാൻ കട്ട കലിപ്പിലായിരുന്നു
ഹെന്റമ്മച്ചിയേ, കാത്തോളീ!
അപ്പന്മാർ വായുവിലൂടെ കരണം മറിഞ്ഞ് ചെന്നുവീണതോ...
ങേ! ഇതേത് ആഫ്രിക്കൻ രാജ്യമാണണ്ണേ
പുരയിൽ നിന്ന് ചിലർ പുറത്തു വന്നു
ബോസ്, നോക്കൂ, അവന്മാരല്ലേ അപ്പന്മാർ
ഓ മൈ ഗോഡ്! അപ്പന്മാർ ഇവിടെയുമെത്തിയോ?


അണ്ണേ! ഇത് അവരാണ് നമ്മളെ ഭീഷണി പ്പെടുത്തിയോര്!
എങ്കി. ഹാൻസപ്പീ നെടാ ഭീഷ ണിക്കാരേ...
അപ്പന്മാരെ ഭീഷണിപ്പെടു ത്തിയതാ അ ബദ്ധമായത്
മച്ചൂ, ഈ വീഡിയോ എടുത്ത് ഏമാൻമ്മാർ ക്ക് സെൻ്റ് ചെയ്യൂ!
യേസ് ബോസ്!
പിന്നീട്
ഞങ്ങൾടെ മനസ്സറിഞ്ഞോണ്ടല്ലേ, അപ്പന്മാരുടെ ഓ രോ ഇടപെടലും
ഹഹഹ ഇതൊക്കെ എന്ത്!



# ബാഗ്ദാദ് പ്രതാപങ്ങളുടെ നഗരം

ത്വാഹിർ പയ്യനടം

കൂട്ടുകാർ അറബിക്കഥകൾ വായിച്ചിട്ടില്ലേ? ഏറ്റവും ചുരുങ്ങിയത് ആയിരത്തൊന്ന് രാവുകളെങ്കിലും?

അപ്പോൾ നിങ്ങൾ ഉറപ്പായിട്ടും ബാഗ്ദാദിനെക്കുറിച്ചും കേട്ടിട്ടുണ്ടാകും. ബാഗ്ദാദ് എന്ന മഹാ നഗരത്തെക്കുറിച്ച് നാം ഇനിയും ഒരുപാട് അറിയേണ്ടതുണ്ട്. മധ്യേഷ്യൻ രാജ്യമായ ഇറാഖിന്റെ തലസ്ഥാനമാണ് ഇന്ന് ബാഗ്ദാദ്. ഇറാഖിലെ ഏറ്റവും വലിയ പട്ടണവും അതു തന്നെ. ടൈഗ്രീസ് നദിയുടെ ഇരു കരകളിലായി കിടക്കുന്ന ബാഗ്ദാദിന്റെ ഭംഗി പറഞ്ഞറിയിക്കാവുന്നതിലും അപ്പുറമാണ്.

നാലായിരം വർഷം മുൻപ് മുതലേ ഇവിടെ ജനവാസമുണ്ടത്രേ. എ. ഡി 762 ൽ അന്നത്തെ അബ്ബാസി ഖലീഫ അൽ മൻസൂർ തന്റെ മഹാ സാമ്രാജ്യത്തിന്റെ തലസ്ഥാനം അങ്ങോട്ട് മാറ്റി. അതോടെ ബാഗ്ദാദ്

ചരിത്രത്തിൽ കൂടുതൽ അറിയപ്പെടാൻ തുടങ്ങി. അന്ന് ബാഗ്ദാദിലെ ജനസംഖ്യ എത്രയാണെന്ന് അറിയാമോ? 2 മില്യൺ!!

അന്നത്തെ ഏറ്റവും വലിയ നഗരവും ബാഗ്ദാദ് ആയി മാറി. എ ഡി 700 - 800 കാലഘട്ടത്തിൽ ബാഗ്ദാദ് സമ്പദ് സമൃദ്ധിയിൽ ഉയരങ്ങളിലെത്തി. അന്നത്തെ വിദ്യാഭ്യാസ, ഗവേഷണ കേന്ദ്രവും ബാഗ്ദാദ് തന്നെ ആയിരുന്നു. ബൈത്തുൽ ഹിക്മ എന്ന് കേട്ടിട്ടുണ്ടോ നിങ്ങൾ? കേൾക്കേണ്ട ഒരു മഹാ സംഭവം തന്നെയാണത്. വഴിയേ പറയാം.

ഇറാഖിലെ പ്രസിദ്ധമായ മ്യൂസിയം സ്ഥിതി ചെയ്യുന്നത് ബഗ്ദാദിലാണ്. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുൻപേ ജീവിച്ചു പോയ സമൂഹങ്ങളുടെ ശേഷിപ്പുകൾ അവിടെ ചെന്നാൽ നമുക്ക് കാണാം. ഇസ്‌ലാമിക കലയുടെയും അനേകം പള്ളികളുടെയും കേന്ദ്രമാണ് ബാഗ്ദാദ്. പണ്ടത്തെ പള്ളികളും അങ്ങാടികളും ഉസ്മാനീ ഭരണ കാലത്തെ പൊതു കുളിപ്പുരകളുമെല്ലാം ബാഗ്ദാദിന്റെ മോടി കൂട്ടുന്നു.

ഇമാം അബൂഹനീഫ(റ), ശൈഖ് മുഹ്‌യുദ്ദീൻ അബ്ദുൽ ഖാദിർ ജീലാനി, ഇമാം സുഹ്‌റവർദി(റ), ശൈഖ് ജുനൈദുൽ ബാഗ്ദാദി (റ)അടക്കമുള്ള മഹത്തുകൾ അന്ത്യ വിശ്രമം കൊള്ളുന്നതും ബഗ്ദാദിലാണ്. “ബാഗ്ദാദിലെ എന്റെ മദ്റസയുടെ മുന്നിലൂടെ പോവുകയെങ്കിലും ചെയ്ത ഒരാളെയും ഞാൻ നരകത്തിലിടാൻ സമ്മതിക്കില്ല” എന്നാണ് ശൈഖ് ജീലാനി പ്രഖ്യാപിച്ചത്. അത്ര പുണ്യമുള്ള നാട്!

ബൈതുൽ ഹിക്മ എന്നാൽ ജ്ഞാനത്തിന്റെ ഭവനം എന്നാണർത്ഥം. ബാഗ്ദാദിലെ മഹാ പുസ്തകപ്പുര എന്നും ഇതറിയപ്പെടുന്നു. ഇസ്‌ലാമിന്റെ സുവർണ കാലം എന്ന് വിശേഷിപ്പിക്കുന്ന അക്കാലത്തെ പ്രമുഖ കേന്ദ്രമായിരുന്നു ബൈതുൽ ഹിക്മ. ഖലീഫ ഹാറൂൻ റശീദ്, അൽ മഅ്മൂൻ, അൽ മൻസൂർ എന്നിവരെല്ലാമാണ് ഇതിനെ ഉന്നതിയിലേക്കെത്തിച്ചത്. ലക്ഷക്കണക്കിന് പുസ്തകങ്ങളുള്ള ബൈതുൽ ഹിക്മയിലേക്ക് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും പ



ഇറാഖ് നാഷണൽ മ്യൂസിയം

ണ്ഡിതരും വിദ്യാർഥികളുമെല്ലാം ഒഴുകിയെത്തി. ഗ്രീക്ക്, സിറിയക് ഭാഷയിൽ നിന്ന് ഒട്ടേറെ കൃതികൾ അറബി ഭാഷയിലേക്ക് മൊഴിമാറ്റി; അറബിയിൽ നിന്ന് മറ്റു ഭാഷകളിലേക്കും ഇങ്ങനെ വിവർത്തനങ്ങൾ നടന്നു. ഇതോടെ അറിയപ്പെടാതെ കിടന്നിരുന്ന പല പുസ്തകങ്ങളും ലോകത്തിന് ലഭ്യമായി. ഗണിതം, തത്വചിന്ത, കല, സാഹിത്യം, വാനനിരീക്ഷണം, ചികിത്സ തുടങ്ങി പലവിജ്ഞാന മേഖലകളുടെ കേന്ദ്രമായി ബൈതുൽ ഹിക്മ.

1258 ൽ ക്രൂരരായ മംഗോളിയർ ബാഗ്ദാദ് ആക്രമിക്കാൻ വന്നു. കണ്ണിൽ കണ്ടതെല്ലാം അവർ നശിപ്പിച്ചു. ബൈതുൽ ഹിക്മയിലെ പുസ്തകങ്ങൾ എടുത്തു ടൈഗ്രീസ് നദിയിലെറിഞ്ഞു. നദിക്ക് കുറുകെ പുസ്തകങ്ങൾ കൊണ്ട് പാലം പണിതു. അവയിലെ മഷി കലർന്ന് ടൈഗ്രിസിലെ വെള്ളം കറുപ്പു നിറമായി പോയത്രേ! മംഗോൾ

ആക്രമണത്തിന് തൊട്ടു മുൻപ് നാസ്വിറുദ്ദീൻ ത്വൂസി നാലു ലക്ഷത്തോളം ഗ്രന്ഥങ്ങൾ മറാഗ എന്ന സ്ഥലത്തേക്ക് മാറ്റിയിരുന്നു. അവയടക്കം വളരെ കുറച്ചു പുസ്തകങ്ങളാണ് പിന്നീട് ശേഷിച്ചത്. അക്കാലത്തെ പല പണ്ഡിതർക്കും ഈ പുസ്തകങ്ങളിലുള്ളതെല്ലാം മനഃപാഠമായിരുന്നു. അവരിൽ പലരും ആ അറിവുകൾ പിന്നീട് ഓർമയിൽ നിന്നെടുത്തെഴുതി. വരും തലമുറയായ നമുക്ക് അവ ലഭ്യമാക്കാൻ വേണ്ടിയായിരുന്നു അവർ അങ്ങനെ ചെയ്തത്.

പ്രശസ്ത പണ്ഡിതരായ ഇമാം അൽ ഗസാലി(റ), തത്വചിന്തകനായ അൽ കിന്ദി, സാഹിത്യകാരനായ അൽ ജാഹിള് എന്നിവരെല്ലാം പഠിച്ചതും മറ്റുമെല്ലാം ബഗ്ദാദിൽ ആണ്. ബാഗ്ദാദിന്റെ വൈജ്ഞാനിക മേന്മക്ക് വേറെന്ത് വേണം!

മാറി മാറി വന്ന ഭരണ കൂടങ്ങളെല്ലാം ബാഗ്ദാദിനെ നന്നായി ശ്രദ്ധിച്ചു. ഉസ്മാനീ ഭരണ കാലത്ത് ബാഗ്ദാദിന്റെ പകിട്ട് ഒന്ന് കൂടെ വർധിച്ചു. ആധുനിക സ്കൂളുകളും ആശുപത്രികളുമെല്ലാം അവർ സ്ഥാപിച്ചു.

ഒന്നാം ലോക മഹായുദ്ധകാലത്ത് ബ്രിട്ടീഷുകാർ ബാഗ്ദാദ് കീഴടക്കി. പിന്നീട് 1921ൽ ഇറാഖ് ഒരു സ്വതന്ത്ര്യ രാജ്യമായതോടെ അതിന്റെ തലസ്ഥാനമായി ബാഗ്ദാദ് മാറി. 1991 ലെ പേർഷ്യൻ യുദ്ധ കാലത്ത് യു. എസ്. എയും കൂട്ടാളികളും ചേർന്ന് ബഗ്ദാദിൽ ഒട്ടേറെ തവണ ബോംബ്മഴ പെയ്യിച്ചു. ഇത് ആ പ്രൗഢ നഗരത്തിന്റെ സൗന്ദര്യത്തിന് കോട്ടം തട്ടിച്ചു. സദ്ദാം ഹുസൈൻ കൊല്ലപ്പെട്ട ശേഷം ഇറാഖിലെ മറ്റു നഗരങ്ങളെ പോലെ ബാഗ്ദാദും ഇടറാൻ തുടങ്ങി.

ബാഗ്ദാദിന് സംഭവിച്ച ദുരന്തങ്ങളിൽ വിഷമം തോന്നുന്നുണ്ടോ? എന്നാൽ അത്ര വിഷമിക്കേണ്ട കാര്യമില്ല. കേട്ടോളൂ, തുടരെത്തുടരെയുള്ള നവീകരണങ്ങൾക്കും വികസനങ്ങൾക്കും ശേഷം ബാഗ്ദാദ് നഗരം പഴയ പ്രതാപത്തിലേക്കു തന്നെ തിരിച്ചു നടന്നുകൊണ്ടിരിക്കുകയാണിപ്പോൾ. ഇന്ന് ഇറാഖിനു വേണ്ടതെല്ലാം നൽകുന്നത് ബാഗ്ദാദാണ്. ഇസ്‌ലാമിക കലയുടെയും വാസ്തു ശാസ്ത്രത്തിന്റെയും മികച്ച നിർമിതികൾ അവിടെപ്പോയാൽ ഇന്നും കാണാം.


ബ്ലോബും ഫ്രണ്ട്സ്
എടാ.. ഈ "ചിക്കൻ ഫ്ലൈ" ജോസഫ് സാറിന്റെ വീട്ടിലേക്കല്ലേ ?
അതേടാ! ..അവിടെ ഒരു വമ്പൻ പാർട്ടി നടക്കുന്നുണ്ട്!
...പിന്നെ... ചിക്കൻ ഫ്ലൈ അല്ല !! ചിക്കൻ ഫ്രൈ!! ഫ്രൈ!!
വല്ലപ്പോഴും നാക്കൊക്കെ ഒന്ന് വടിക്കണം!!
ഹും!! എടാ... ഫ്രൈ എന്നും "ഫ്ലൈ" എന്നും പറയാം!!
ശൂ!! ഇംഗ്ലിഷിൽ ഡിഗ്രിയുള്ള എന്നോടാണോ തർക്കിക്കുന്നത് !!? ചിക്കൻ ഫ്ലൈ..എന്നാൽ "കോഴി പറക്കുന്നു" എന്നാ അർത്ഥം !!
നീ പത്താം ക്ലാസ്സല്ലേ.. അതിന് ഡിഗ്രി എന്നാ ണോ.. പറയുന്നത്... ??..
എടാ.. സൂക്ഷിക്കെടാ!! നായകൾ!!



ചിക്കൻ മുഴുവനും തെറിച്ചു വീണെടാ!
വേഗം പെറുക്കിയെടുക്ക്!! സമയം താമസിച്ചു!!
ജോസഫ് സാറിന്റെ വീട്ടിൽ -
ഇതാ സാർ ചിക്കൻ ഫ്രൈ!!
..എന്താടോ താമസിച്ചത്? പാർട്ടി തുടങ്ങി..!!
WHAT? ഇതിൽ എല്ലുകൾ മാത്രമേ ഉള്ളൂ!!!
ആരോ കടിച്ച്... ബാക്കി വച്ചത് പോലെ!!
ശ്..ശ്... ഹെടാ... ആ നായ്ക്കള് തിന്നതായി - രിക്കും!!
ങേ!
F/2020
ഹെടാാാ... ഞാൻ പറഞ്ഞതിപ്പോ ...ശര്യായില്ലേ!! ചിക്കൻ ഫ്ലൈ!!
ദാ.. കോഴികള് .. പറക്കുന്നു..!!

**നോവൽ 29 – മുഹമ്മദ് പാറന്നൂർ**

# പ്രകൃതിനാട്ടിലെ സുകൃതിക്കുട്ടന്മാർ

## കൊപ്രക്കള്ളന്മാർ

**പോ**ക്കു ഇടക്കിടെ ഞങ്ങളുടെ വീട്ടിൽ വരും. ഞങ്ങൾ കുടുംബക്കാരാണ്. ഉമ്മയ്ക്കും വല്ലിമ്മയ്ക്കുമൊക്കെ അവനെ നല്ല ഇഷ്ടമാണ്. കാരണമെന്താണെന്നല്ലേ, വീട്ടിൽ വന്നാൽ അവൻ നാട്ടിലെ പല കഥകളും പറഞ്ഞുകൊടുക്കും. അവർ പറയുന്ന ജോലികളൊക്കെ ചെയ്യും. ജോലികളെന്നു പറഞ്ഞാൽ കാര്യമായൊന്നുമല്ല, അങ്ങാടിയിൽ പോയി ഉപ്പും മുളകും വാങ്ങിക്കൊണ്ടുവരാൻ, ആലയിലെ പശുവിന് പിണ്ണാക്ക് കലക്കിക്കൊടുക്കാൻ, മുറ്റത്തെ പ്ലാവിൽ നിന്ന് ചക്കയിട്ടു കൊടുക്കാൻ.... ഇങ്ങനെ പലതും. ഇത്തരം പണികളൊക്കെ ഇക്കാക്കയോടു പറഞ്ഞാൽ പല മുടക്കുകളും പറഞ്ഞ് ഒഴിഞ്ഞുമാറും. പോക്കുവാകട്ടെ എല്ലാം നിമിഷങ്ങൾക്കകം ചെയ്തു തീർത്ത് ഇനി വല്ലതും ചെയ്യാനുണ്ടോ എന്ന് ചോദിക്കും. ഇങ്ങനെ മിടുക്കന്മാരായ കുട്ടികളോട് എല്ലാവർക്കും ഇഷ്ടമായിരിക്കുമല്ലോ.

വേനൽക്കാലമായാൽ തേങ്ങ പൊളിച്ച് വെട്ടിയുണക്കി കൊപ്രയാക്കുന്ന പതിവുണ്ട്. മഴക്കാലത്തെ തേങ്ങയെല്ലാം അടുക്കളയുടെ മുകളിലെ തേങ്ങാക്കൂട്ടിൽ കയറ്റിയിടും. വേനലായാൽ അത് താഴെയിറക്കും. പത്തായിരത്തിലധികം തേങ്ങയു

ണ്ടാകും.

വെട്ടിയ തേങ്ങ കൊപ്രയാക്കണം. അതിന് പുല്ലുനീക്കി നിരപ്പാക്കിയ പറമ്പിലാണ് ഉണക്കാനിടുക. നാലഞ്ചു ദിവസത്തെ ഉണക്കം വേണ്ടിവരും. തേങ്ങ വെട്ടലും ചുമന്നുകൊണ്ടുപോയി നിരത്തലും വലിയവരുടെ പണിയാണ്. എന്നാൽ കാക്കയും കോഴിയും കുറുക്കനും മറ്റും കൊത്തിത്തിന്നാതെയും കട്ടുകൊണ്ടു പോകാതെയും കാക്കേണ്ടത് ഞങ്ങൾ കുട്ടികളുടെ പണിയാണെന്നാണ് പറയാറ്. തേങ്ങ വെട്ടിയാൽ പിന്നെ നാലഞ്ചു ദിവസം ഞങ്ങൾക്കാഘോഷമാണ്. തേങ്ങ ഉണക്കാനിട്ട പറമ്പിലായിരിക്കും ഞങ്ങൾ. തേങ്ങയ്ക്ക് കാവലാണെങ്കിലും രാവും പകലും കളിയിലേർപ്പെടാനുള്ള അവസരമാണത്; കളിയോടു കളി. മാവിൻ കൊമ്പിൽ ഊഞ്ഞാലു കെട്ടും. അടുത്ത പറമ്പിൽ പന്തുകളിക്കാൻ ഗ്രൗണ്ടുണ്ടാക്കും. പഴയ തുണികളും ഉണങ്ങിയ ഇലകളും വാഴനാരുമൊക്കെ ഉപയോഗിച്ച് നല്ല പന്തലുകളുണ്ടാക്കും. ഇടക്ക് ചെറിയ പന്തലുകൾ കെട്ടിയുണ്ടാക്കും. കളിവണ്ടികളുണ്ടാക്കും. ഇതിനെല്ലാം പോക്കു മുന്നിൽ തന്നെയുണ്ടാവും. ഇത്തരം കാര്യങ്ങളിലെല്ലാം ഞങ്ങളെക്കാൾ നല്ല



വിരുതനാണവൻ; കളിക്കാനാവശ്യമായ സാധനങ്ങൾ സംഘടിപ്പിക്കാൻ സമർത്ഥനും. ഒരു പ്രശ്നമേയുള്ളൂ; വൈകുന്നേരമായാൽ അവൻ സ്ഥലം വിടും. മീൻ കച്ചവടത്തിൽ കൂട്ടുകൂടാൻ പോകണമല്ലോ. പിന്നെ രാത്രി പത്തുമണിയായാലേ അവനെ തിരിച്ചുകിട്ടുകയുള്ളൂ.

തേങ്ങ വെട്ടിക്കഴിഞ്ഞാൽ പിന്നെ രാത്രികളിലും പോക്കു ഞങ്ങളോടൊപ്പം തന്നെയായിരിക്കും; തേങ്ങയ്ക്കു കാവൽ കിടക്കണമല്ലോ. രാത്രിയായാൽ കൊപ്ര കട്ടുകൊണ്ടു പോകാൻ കുറുക്കന്മാർ വരുമെന്നാണ് പറയാറ്. പക്ഷേ ഒരിക്കലും ഒരു കുറുക്കനെപ്പോലും കൊപ്ര കട്ടെടുക്കാൻ വന്നതായി ഞങ്ങളാരും കണ്ടിട്ടില്ല. ഞങ്ങൾ കാവൽ കിടക്കുന്നതു കൊണ്ടാവും വരാത്തത്.

കൊപ്രക്കളത്തിനോട് ചേർന്ന് കെട്ടിയുണ്ടാക്കിയ പന്തലിലാണു കാവൽ കിടക്കുക. നിലത്തു മണ്ണിൽ പായ വിരിച്ചു കിടക്കണം. ഒരു ദിവസം ഇക്കാക്ക കാവൽ കിടന്നാൽ അടുത്ത ദിവസം ഞാൻ കിടക്കണം. പെൺകുട്ടികൾ കാവൽ കിടക്കാൻ പാടില്ലാത്തത് കൊണ്ട് ഇത്താത്തക്കും അനിയത്തിക്കുമൊന്നും ആ ഭാഗ്യമുണ്ടായിട്ടില്ല. പോക്കു എല്ലാ ദിവസവും കൂടെയുണ്ടാവും. അവൻ എല്ലാറ്റിനും പോന്ന ധൈര്യശാലിയാണെന്നാണല്ലോ ഞങ്ങളുടെ ഉമ്മയുടെയും വല്ലിമ്മയുടെയുമൊക്കെ നിലപാട്.

പോക്കുവിനോടൊപ്പം ഞാൻ കാവൽ കിടന്ന ഒരു ദിവസം. പല കളികളും കളിച്ച് ക്ഷീണിച്ച് അൽപമൊന്നുറങ്ങാൻ കിടന്നതാണ്. നല്ല നിലാവുണ്ട്. നിലാവുള്ള രാത്രികളിലാണ് കുറുക്കന്മാർ കൊപ്ര മോഷ്ടിക്കാൻ വരിക എന്നു പോക്കു പറയാറുള്ളത്. അതുകൊണ്ട് ഉള്ളിലൊരു പേടിയുണ്ട്; കുറുക്കന്മാർ ഇന്നു തന്നെ വന്നേക്കുമോ എന്ന്. കുറുക്കനെ പേടിയാണെങ്കിലും നല്ലൊരു കുറുക്കനെ നേരിൽ കാണാൻ നല്ല പൂതിയുണ്ട്. കുറുക്കന്മാരെ അങ്ങനെയൊന്നും കാണാൻ കിട്ടാറില്ലല്ലോ. അവർ രാത്രികളിൽ മാത്രമേ പുറത്തിറങ്ങാറുള്ളൂ.

നല്ല ഉറക്കിലാണ്ടപ്പോഴാണ് കുറുക്കന്മാർ വന്നത്, അഞ്ചുപത്തു കുറുക്കന്മാർ. അവർ കൊപ്ര കട്ടെടുത്ത് തിന്നാൻ തുടങ്ങി : കറുമുറു... കറുമുറു..... കറുമുറു.... കൊപ്രക്കഷ്ണ

ങ്ങൾ വായിലിട്ടു കടിച്ചു പൊടിച്ചു തിന്നുന്നതിന്റെ ഒച്ച കേൾക്കുന്നുണ്ട്. പക്ഷേ എനിക്ക് എഴുന്നേൽക്കാൻ കഴിയുന്നില്ല. എഴുന്നേറ്റു ചെന്ന് അവയെ ഓടി



ക്കാൻ ആഗ്രഹമുണ്ടെങ്കിലും ആരോ പിടിച്ചമർത്തി വെച്ച പോലെ. പെട്ടെന്നാണ് കുറുക്കന്മാരുടെ ഓരിയിടൽ കേട്ടത് : പൂയ്... കൂയ്... പൂയ്പൂയ്പൂയ്... കൂയ്കൂയ്കൂയ്... കി...ക്കി...ക്കി.....കീ ആ ഒച്ചയിൽ ഞാൻ ചാടിയെണീറ്റു കണ്ണുമിഴിച്ചു നോക്കി. കുറുക്കന്മാരെയൊന്നും കാണുന്നില്ല. ദൂരെയെവിടെ നിന്നോ അവരുടെ ഓരിയിടൽ ശബ്ദം കേൾക്കുന്നുണ്ട്. ഞാൻ ഉറക്കിൽ കണ്ടതാണ്. ഞാൻ പോക്കുവിനെ തിര

ഞ്ഞു. അവനെവിടെപ്പോയി?
എന്റെ അടുത്താണല്ലോ അ
വൻ ഉറങ്ങാൻ കിടന്നിരുന്നത്!
അവനെ കാണാതായ
പ്പോൾ എനിക്കു പേടിയായി.
ഞാൻ വിറച്ചുകൊണ്ട്
ചുറ്റും നോക്കി. നി
ലാവ് മങ്ങിത്തുടങ്ങി
യിട്ടുണ്ട്. അവനെ വിളിച്ചു നോ
ക്കാൻ പേടികൊണ്ട് എന്റെ ഒ
ച്ച പൊങ്ങുന്നുണ്ടായിരുന്നില്ല.

അപ്പോൾ പിന്നെയും കേട്ടു
: കറുമുറു... കറുമുറു.... കറുമു
റു... പന്തലിന്റെ പിന്നിൽ നി
ന്നാണ്. ഞാൻ പേടിച്ചു വിറ
ച്ചു അങ്ങോട്ട് നോക്കിയപ്പോഴു
ണ്ട് നമ്മുടെ പോക്കു അവിടെ
യിരിക്കുന്നു. എനിക്കാശ്വാസമാ
യി. മെല്ലെ എഴുന്നേറ്റ് അവന്റെ
യടുത്തേക്ക് നടന്നു. അടുത്തു
ചെന്നു നോക്കിയപ്പോഴല്ലേ ര
സം : കറുമുറു ഒച്ച
കേൾക്കുന്നത് അവ
ന്റെ വായിൽ നിന്നാ
ണ്. കൊപ്ര കഷ്ണ



ങ്ങളാക്കി അവൻ വായിലിട്ട് ആട്ടുകയാണ്. കള്ളൻ... പെരുങ്കള്ളൻ! കൊപ്രക്ക് കാവലിരുന്നിട്ട് അവൻ തന്നെ കൊപ്ര കട്ടുതിന്നുകയാണല്ലേ?എന്റെ പേടിയെല്ലാം പമ്പ കടന്നു. ഞാനൊച്ച വെച്ചു ചോദിച്ചു : 'എടാ പോക്കൂ, ഞ്ഞി ഞങ്ങളെ കൊപ്പര കട്ടു തിന്നുകയാണല്ലേ കള്ളാ. ഞാൻ ബിചാരിച്ച് കുറുക്കനാന്ന്.'

പോക്കു ഞെട്ടിപ്പിടഞ്ഞെണീറ്റു. വായ് നിറയെ കൊപ്രയുള്ളത് കൊണ്ട് അവനു മിണ്ടാൻ പോലും വയ്യ. അവൻ എന്റെയടുത്തേക്ക് വന്നു പറഞ്ഞു : "പയിച്ചിട്ട് ഒറക്കം വരാഞ്ഞിട്ടാടോ ഒരു കഷ്ണം കൊപ്പരയെടുത്തത്. ഇഞ്ഞി ആരോടും പറയര്തേ."

"ഒരു കഷ്ണേ എട്ത്തിട്ടുള്ളൂ?" ഞാൻ ചോദിച്ചപ്പോൾ അവൻ കൈ പിറകോട്ടു വലിച്ചു. അവന്റെ കയ്യിൽ ഒരു മുറി കൊപ്ര കൂടി ഉണ്ടായിരുന്നു. അവൻ രണ്ടു മുറിയെങ്കിലും എടുത്തിട്ടുണ്ടാവും. അതായത് ഒരു തേങ്ങയുടെ കൊപ്ര. വല്ലിമ്മയെങ്ങാനും വിവരമറിഞ്ഞാൽ നല്ല തല്ലുകിട്ടിയതു തന്നെ. ഒരുതുണ്ട് അടർത്തിയെടുത്താൽ പോലും വല്ലിമ്മ കണ്ണുരുട്ടും. എന്നിട്ടാണിപ്പോ ഒരു തേങ്ങ മുഴുവനും. ഈ പോക്കുവിനെ എന്താണിപ്പോൾ ചെയ്യുക?

ഞാനിങ്ങനെ ആലോചിച്ചു നിൽക്കുമ്പോൾ പോക്കു ഒരു വലിയ കഷ്ണം കൊപ്ര എന്റെ നേരെ നീട്ടി പറഞ്ഞു : "ഇന്നാ... തിന്നു നോക്ക്. നല്ല രസണ്ട്."

എന്റെ വായിലപ്പോൾ കപ്പലോടിക്കാൻ വെള്ളം. മനസ്സിൽ പോക്കുവിനെ എന്തു ചെയ്യണമെന്ന ചിന്തയും. എന്തുതന്നെയായാലും നമ്മളെ പോക്കുവല്ലേ! ഞാനവനു വഴങ്ങി. അവൻ നീട്ടിയ കൊപ്ര വാങ്ങി കറുമുറു തിന്നു. തിന്നു കഴിഞ്ഞപ്പോൾ ഒരു കഷ്ണം കൂടി കിട്ടിയാൽ കൊള്ളാമെന്നായി. ഒരു മുറി കൊപ്ര കൂടി ഞങ്ങളെടുത്തു തിന്നു. പിന്നെ വന്ന് ഉറങ്ങാൻ കിടന്നപ്പോൾ പോക്കു ഓർമ്മിപ്പിച്ചു : "ആരോടും പറഞ്ഞു പോകരുതേ!"

അപ്പോൾ ഞാനും പറഞ്ഞു: "ആരോടും പറഞ്ഞു പോകരുതേ!" പക്ഷേ എനിക്കുറക്കം വന്നില്ല. കട്ടുതിന്ന കൊപ്ര വയറ്റിൽ കിടന്ന് കലാപമുണ്ടാക്കുന്നുണ്ടായിരുന്നു. (തുടരും)

ചരിത്ര പ്രതിഭകൾ

# പ്രശസ്തരായ അഞ്ച് ശാസ്ത്രപ്രതിഭകൾ



മുജ്തബ സി.ടി


ആധുനിക സമൂഹത്തിന്റെ ശാസ്ത്രീയമായും സാങ്കേതികമായുമുള്ള വികാസത്തിനും വളർച്ചക്കും പ്രഗത്ഭരായ ശാസ്ത്രജ്ഞരുടെ സംഭാവനകളും കണ്ടുപിടുത്തങ്ങളും വലിയ രീതിയിൽ സ്വാധീനിച്ചിട്ടുണ്ട്.

ഇത്തരം ശാസ്ത്രജ്ഞരുടെ കണ്ടെത്തലുകൾ ഇല്ലായിരുന്നെങ്കിൽ നമ്മുടെ ലോകം ഇന്നത്തെ അവസ്ഥയിലെത്തുമായിരുന്നില്ല. അവരുടെ ഒരുപാട് കണ്ടെത്തലുകളും കണ്ടുപിടുത്തങ്ങളും ആശയങ്ങളും ശേഷമുള്ള തലമുറകൾക്ക് ചിന്തിക്കാനും അന്വേഷിക്കാനും പ്രചോദനമായിട്ടുണ്ട്.

ഇത്തരത്തിൽ ലോകത്തെ സ്വാധീനിച്ച പ്രധാനപ്പെട്ട അഞ്ചു ശാസ്ത്രജ്ഞരെ ചെറിയ രൂപത്തിൽ നമുക്ക് പരിചയപ്പെടാം.


## ആൽബർട്ട് ഐൻസ്റ്റൈൻ

ലോകത്തെ ഏറ്റവും പ്രശസ്തനായ ശാസ്ത്രജ്ഞനായി വിലയിരുത്തപ്പെടുന്ന വ്യക്തിയാണ് ഐൻസ്റ്റീൻ. ഐൻസ്



റ്റൈൻ 1879 ൽ ഒരു ജൂത കുടുംബത്തിലാണ് ജനിച്ചത്. ചെറുപ്പകാലം മുതൽ അദ്ദേഹം ഗണിതശാസ്ത്രത്തിലും ശാസ്ത്രരംഗത്തും മികച്ച കഴിവ് പ്രകടമാക്കി. ആപേക്ഷികതാ സിദ്ധാന്തത്തിലും സൈദ്ധാന്തിക ഭൗതികശാസ്ത്രവിഷയത്തിലും നിരവധി സംഭാവനകൾ നൽകി. മറ്റ് നിരവധി സിദ്ധാന്തങ്ങളും പദ്ധതികളും അവതരിപ്പിച്ചു. ഗുരുത്വാകർഷണത്താലുള്ള പ്രകാശത്തിന്റെ വ്യതിചലനം, ഖരരൂപങ്ങളിലെ ആറ്റോമിക് ചലനത്തിന്റെ ക്വാണ്ടം സിദ്ധാന്തം, ബ്രൗണിയൻ മോഷൻ, സൂക്ഷ്മരക്ത വാഹിനിയെക്കുറിച്ചുള്ള വിശദീകരണം തുടങ്ങിയവ അദ്ദേഹം നൽകിയ സംഭാവനകളിൽ പ്രധാനപ്പെട്ടതാണ്.

ആൽബർട്ട് ഐൻസ്റ്റൈൻ



## ഐസക്ക് ന്യൂട്ടൻ

ഗുരുത്വാകർഷണ സിദ്ധാന്തത്തെക്കുറിച്ച് പറയുമ്പോൾ ആദ്യമായി നമുക്കോർമ്മ വരുന്നത് ഐസക്ന്യുട്ടന്റെ പേരാണ്. ഈ മേഖലയിലുള്ള അദ്ദേഹത്തിന്റെ ഗവേഷണങ്ങൾക്ക് നിദാനമായ ‘ആപ്പിൾ കഥ’ കേട്ടി

ട്ടില്ലേ? ഒരു ദിവസം ഒരു മരച്ചുവട്ടിൽ ഇരിക്കുമ്പോൾ, മരത്തിൽ നിന്ന് ഒരു ആപ്പിൾ താഴെ വീണു. മുകളിലേക്ക് പോവാതെ താഴേക്ക് മാത്രം വീഴുന്നതെന്തുകൊണ്ടാണെന്ന ജിജ്ഞാസയാണ് ഗുരുത്വാകർഷണ പ്രതിഭാസം കണ്ടെത്തുന്നതിലേക്ക് ന്യൂട്ടനെ നയിച്ചത്.

ഇംഗ്ലണ്ടിൽ ജനിച്ചു വളർന്ന ന്യൂട്ടൻ ഗുരുത്വാകർഷണ സിദ്ധാന്തത്തിനു പുറമെ നിരവധി കണ്ടുപിടുത്തങ്ങൾ ലോകത്തിന് സമ്മാനിച്ചിട്ടുണ്ട്. 'ഫിലോസഫെ നാച്ചുറലിസ് പ്രിൻസിപിയ മാത്തമാറ്റിക്ക'എന്ന ഗ്രന്ഥത്തിൽ ഗുരുത്വാകർഷണത്തെക്കുറിച്ചുള്ള തന്റെ സിദ്ധാന്തങ്ങളെയും ചലനത്തിന്റെ മൂന്ന് നിയമങ്ങളെയും അദ്ദേഹം വിവരിക്കുന്നുണ്ട്.

'സത്യത്തിന്റെ മഹാസാഗരം എനിക്കജ്ഞാതമായി കണ്മുന്നിൽ കിടന്നുമറിയുമ്പോൾ കരയിൽ കക്ക പെറുക്കി കളിയ്ക്കുന്ന ഒരു ശിശുവായിട്ടേ ഞാൻ എന്നെ കണ്ടിട്ടുള്ളു' എന്നത് അദ്ദേഹത്തിന്റെ വചനങ്ങളിലൊന്നാണ്.

## ഗലീലിയോ ഗലീലി

1564 ൽ ഇറ്റലിയിൽ ജനിച്ച ഗലീലിയോ ലോകം കണ്ട എക്കാലത്തെയും മികച്ച ശാസ്ത്രജ്ഞരിലൊരാളാണ്. ദൂരദർശിനി, വടക്കുനോക്കി യന്ത്രം, തെർമോമീറ്റർ എന്നിവ അദ്ദേഹത്തിന്റെ കണ്ടുപിടുത്തങ്ങളിൽ സുപ്രധാനമാണ്. തന്റെ ദൂരദർശിനി ഉപയോഗിച്ച് വ്യാഴത്തിന്റെ നാല് ഉപഗ്രഹങ്ങളും അദ്ദേഹം മനസ്സിലാക്കുകയും ഇവ്വിഷയകമായി ലോകത്തിനു പുതിയ ചിന്തകൾ നൽകുകയും ചെയ്തു. ഭൂമിയെ പ്രപഞ്ചത്തിന്റെ കേന്ദ്രമായി കണക്കാക്കി മറ്റ് വസ്തുക്കൾ ഭൂമിക്ക് ചുറ്റും



ഐസക് ന്യൂട്ടൺ



ഗലീലിയോ ഗലീലി

കറങ്ങുകയാണെന്ന 'ജിയോസെൻട്രിക്' മാതൃകയിലായിരുന്നു പഴയ കാല ശാസ്ത്രജ്ഞർ വിശ്വസിച്ചിരുന്നത്. എന്നാൽ ഗലീലിയോ, നിക്കോളാസ് കോപ്പർനിക്കസ്, ജോഹന്നാസ് കെപ്ലർ തുടങ്ങിയ നിരവധി ശാസ്ത്രജ്ഞരുടെ പ്രവർത്തനങ്ങൾ ഹീലിയോസെൻട്രിക് അഥവാ സൂര്യകേന്ദ്രീകൃത സിദ്ധാന്തത്തിന് അടിത്തറ പാകി.

അദ്ദേഹത്തിന്റെ പല ആശയങ്ങളും നിർദ്ദേശങ്ങളും പിൻവലിക്കാൻ കത്തോലിക്ക സഭ പ്രേരിപ്പിക്കുകയും ജീവിതത്തിന്റെ അവസാന വർഷങ്ങളിൽ വീട്ടുതടങ്കലിലാവേണ്ടി വരികയും ചെയ്തു.


സി.വി രാമൻ


രാമാനുജൻ

## സി.വി രാമൻ

ഇന്ത്യയിലെ ട്രിച്ചിയിൽ ജനിച്ച സിവി രാമൻ ഇന്ത്യയിൽ നിന്നുള്ള മികച്ച ശാസ്ത്രജ്ഞരിൽ ഒരാളാണ്. ശാസ്ത്രത്തിൽ നോബൽ സമ്മാനം നേടിയ ആദ്യത്തെ ഏഷ്യക്കാരനും വെളുത്ത വർഗക്കാരനുമല്ലാത്ത വ്യക്തിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ കൃതി വെളിച്ചത്തിന്റെ പ്രകീർണ്ണനവുമായി ബന്ധപ്പെട്ടതാണ്.

സി.വി രാമൻ സംഗീതോപകരണങ്ങളുടെ ശബ്ദശാസ്ത്രത്തിലും ഗവേഷണങ്ങൾ നടത്തിയിരുന്നു. ഇന്ത്യൻ വാദ്യോപകരണങ്ങളായ തബല, മൃദംഗം എന്നിവയുടെ ശബ്ദത്തിന്റെ സ്വരമാധുര്യത്തെക്കുറിച്ച് ഗവേഷണം നടത്തിയ ആദ്യശാസ്ത്രജ്ഞരിൽ ഒരാളാണ് അദ്ദേഹം.

പ്രകാശം സുതാര്യമായ ഒരു വസ്തുവിലൂടെ സഞ്ചരിക്കുമ്പോൾ, വ്യതിചലിച്ച ചില പ്രകാശം തരംഗദൈർഘ്യത്തിൽ മാറുന്നുവെന്ന് അദ്ദേഹം കണ്ടെത്തി. ഈ പ്രതിഭാസത്തെ 'രാമൻ സ്കാറ്ററിംഗ്' എന്നാണ്




വിളിക്കുന്നത്. ശാസ്ത്രരംഗത്തുള്ള സംഭാവനകൾക്കുള്ള ആദരസൂചകമായിട്ടാണ് ആ കണ്ടുപിടിത്തത്തിൽ ഈ പേര് നൽകിയിട്ടുള്ളത്.

### ശ്രീനിവാസ രാമാനുജൻ

ലോകപ്രസ്തമായ ഗണിതശാസ്ത്രജ്ഞരിൽ ഒരാളാണ് ഇന്ത്യയിലെ തമിഴ്നാട്ടിൽ ജനിച്ച രാമാനുജൻ. അദ്ദേഹം അത്യപൂർവ്വമായ ഓർമ്മ ശക്തിയുടെ ഉടമയായിരുന്നെന്ന് പറയപ്പെടുന്നു. ഗണിതശാസ്ത്രത്തിൽ ഔപചാരിക പരിശീലനം നേടിയിട്ടില്ലെങ്കിലും ഗണിതശാസ്ത്ര വിശകലനം, സംഖ്യാസിദ്ധാന്തം, അനന്ത ശ്രേണി, തുടർച്ചയായ ഭിന്നസംഖ്യകൾ എന്നിവയിൽ അദ്ദേഹം കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. പതിനൊന്നാമത്തെ വയസ്സിൽ തന്റെ വീട്ടിൽ താമസിച്ചിരുന്ന രണ്ട് കോളേജ് വിദ്യാർത്ഥികളുടെ ഗണിതശാസ്ത്ര സംശയങ്ങൾ അദ്ദേഹം തീർത്തിരുന്നുവെന്നും പതിമൂന്നാമത്തെ വയസ്സോടെ അദ്ദേഹം സ്വന്തമായി നിരവധി സിദ്ധാന്തങ്ങൾ കണ്ടെത്തിയിരുന്നുവെന്നും പറയപ്പെടുന്നു. ലോകത്തെ അത്ഭുതപെടുത്തിയ ഈ പ്രതിഭ 32ാം വയസ്സിൽ അകാല ചരമമടഞ്ഞു.

# കളിക്കളം


## വ്യത്യാസം കണ്ടുപിടിക്കൂ...


A


B

ചിത്രം എയും ബിയും തമ്മിലുള്ള 5 വ്യത്യാസങ്ങൾ കണ്ടെത്തൂ...

## കോഴിക്കുഞ്ഞന് അമ്മയുടെ അടുത്തേക്കുള്ള വഴി കാണിച്ചു കൊടുക്കാൻ സഹായിക്കാമോ ?



"കഴിഞ്ഞാഴ്ച ഞാൻ അറിയിച്ചിരുന്ന പോലെ നാളെ ആദ്യത്തെ പിരിയഡ് ആണ് ക്ലാസ്സ്ടെസ്റ്റ് നടക്കുന്നത്. എല്ലാവരും നന്നായി പഠിച്ചു വരണം ട്ടാ. അല്ലെങ്കിൽ..." അലി മാഷ് അൽപം ഗൗരവത്തിൽ ഇത്രയും പറഞ്ഞപ്പോഴേക്കും ലോങ്ങ് ബെല്ലടിച്ചു. "അപ്പൊ മറക്കണ്ട.. നാളെ സയൻസ് ക്ലാസ് പരീക്ഷ..." ദേശീയ ഗാനം കഴിഞ്ഞപ്പോൾ മാഷ് പിന്നെയും ഓർമപ്പെടുത്തി.

"ഓക്കേ സാർ" എല്ലാവരും ഒന്നിച്ച് പറഞ്ഞു.

അലിമാഷ് സയൻസ് ക്ലാസ്സെടുക്കാൻ തുടങ്ങയതിൽപ്പിന്നെ എല്ലാവർക്കും പരീക്ഷ പോലും ആവേശമാണ്. എല്ലാ ദിവസവും കുറേശ്ശെയായി തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ് അവരൊക്കെ. എന്നാൽ കുഴിമടിയൻമാരായ അഷ്റഫും ആദിലും വിജീഷും ഇതുവരെ പുസ്തകം തൊട്ടുനോക്കിയിട്ടു പോലുമുണ്ടായിരുന്നില്ല. നാളെ പരീക്ഷ എഴുതിയാൽ ഒരു മാർക്കു പോലും കിട്ടില്ലെന്നുറപ്പ്. മൂന്നുപേരും ബസ് സ്റ്റോപ്പിന്റെ മൂലയിരുന്ന് കാര്യമായി ചർച്ച ചെയ്യുകയാണ്.

"എടാ, നാളെ നമ്മൾ എങ്ങനെ അലിമാഷിന്റെ പരീക്ഷയെ




ഴുതും? ലീവെടുക്കാൻ പോലും പറ്റില്ല. മാഷ് വീട്ടിലേക്ക് ഫോൺ ചെയ്യും. എന്താ ഒരു വഴി?" വിജീഷിന് ആകെക്കൂടിയൊരു വെപ്രാളം.

"ബേജാറാവതെടാ, ഞാൻ നല്ലൊരു ഐഡിയ കണ്ടുവെച്ചിട്ടുണ്ട്. നിങ്ങൾ നാളെ കുറച്ച് വൈകി വീട്ടിൽ നിന്നിറങ്ങി

യാൽ മതി. എന്നിട്ട് ഒമ്പതരക്കു
ള്ള ടൗൺബസിൽ കയറണം.
ബാക്കി കാര്യം നാളെ പറയാം"
ആദിൽ പറഞ്ഞു.

"അപ്പൊ നാളെ സ്കൂളിൽ
വരുന്നുണ്ടോ?" രണ്ടും കൽപി
ച്ച് ലീവെടുക്കാൻ വിചാരിച്ച
അഷ്റഫ് ചോദിച്ചു.

"യെസ്, നാളെ ന
മ്മൾ സ്കൂളിൽ വരും
പക്ഷെ പരീക്ഷയെഴു
തില്ല"

ആദിൽ അതു പറ
ഞ്ഞതും ബസിന്റെ
ഹോൺ കേട്ടു. മൂ
ന്നുപേരും ബസിൽ
കയറി. നല്ല തിരക്കു
ണ്ടായിരുന്നതി
നാൽ പിന്നെ സം
സാരിക്കാനൊന്നും
പറ്റിയില്ല. ഓരോരു
ത്തരും അവരവരുടെ
സ്റ്റോപ്പിൽ ഇറങ്ങി റ്റാ
റ്റാ കാണിച്ച് പിരിഞ്ഞു.

പിറ്റേന്ന് മൂന്നുപേ
രും ഒമ്പതരയുടെ ബ
സിൽ ഒരുമിച്ചു കൂടി. "നമു
ക്ക് ടൗണിലിറങ്ങി നടന്നു പോ
കാം. ഫസ്റ്റ് പിരിയഡ് കഴിഞ്ഞ്
സ്കൂളിലെത്തിയാൽ മതി. അ



ലി മാഷോട് ടൗൺ ബസിന്റെ
ടയർ പഞ്ചറായതിനാൽ വഴി

യിൽ കുടുങ്ങി നേരം വൈകിയെന്ന് പറയാം. ഇന്ന് വെള്ളിയാഴ്ചയായതോണ്ട് ഫസ്റ്റ് പിരിയഡ് കഴിഞ്ഞാൽ അലി മാഷ് പിന്നെ ക്ലാസ്സിൽ വരില്ല, തിങ്കളാഴ്ച്ച നമുക്ക് മൂന്ന് പേർക്കും റീ ടെസ്റ്റ് നടത്തിയാലും കുഴപ്പമില്ലെടാ..." ആദിൽ ഐഡിയ വിശദീകരിച്ചു.

ടൗണിലിറങ്ങി ഒരു കിലോമീറ്ററോളം ആടിപ്പാടി നടന്ന് പതിനൊന്നു മണിയോടെ മൂന്നു പേരും വിയർത്തൊലിച്ച് ക്ലാസ്സിലെത്തിയപ്പോൾ ഉത്തരപ്പേപ്പറുകൾ ചുരുട്ടിപ്പിടിച്ച് അലിമാഷ് വരാന്തയിലേക്ക് ഇറങ്ങുകയായിരുന്നു.

"എന്താ മൂന്നു പേരും വൈകിയേ" അലി മാഷ് വിജീഷിന്റെ ചുമലിൽ പിടിച്ച് ചോദിച്ചു.

"വരുന്ന വഴിക്ക് ടൗൺബസിന്റെ ടയർ പഞ്ചറായി സാർ... ഞങ്ങൾ അവിടുന്നിതു വരെ നടന്നാണ് വന്നത്..." ആദിലാണത് പറഞ്ഞത്.

"ങാ, മൂന്നു പേരും ക്ഷീണിച്ചല്ലോ, ഇന്നിനി നിങ്ങൾ പരീക്ഷ എഴുതേണ്ട. തിങ്കളാഴ്ച റീ ടെസ്റ്റ് എഴുതിയാൽ മതി കെട്ടോ..." അതും പറഞ്ഞ് അലിമാഷ് നടന്നു പോയി.

വിചാരിച്ച പോലെ കാര്യം നടന്ന സന്തോഷത്തിൽ മൂന്നു പേരും കൈ കൂട്ടിയടിച്ച് ക്ലാസ്സിൽ കയറി. ആൻസർ പേപ്പർ തിങ്കളാഴ്ച തന്നെ കിട്ടുമെന്ന് ക്ലാസ്സ് ലീഡർ അൻവർ പറഞ്ഞപ്പോൾ "ഹാവൂ രക്ഷപ്പെട്ടു, ഞങ്ങൾക്ക് രണ്ടു ദിവസം ടെൻഷനടിക്കണ്ടല്ലോ" എന്ന് അഷ്റഫ് ചാടിക്കളിച്ചു.

തിങ്കളാഴ്ച സ്കൂളിലെത്തിയപ്പോൾ ആദിലിനും വിജീഷിനും അഷ്റഫിനും റീ ടെസ്റ്റ് എഴുതാൻ തിടുക്കമായി. വെള്ളിയാഴ്ച നടന്ന പരീക്ഷയിലെ ചില ചോദ്യങ്ങളൊക്കെ നന്നായി പഠിച്ചും ചിലതൊക്കെ ചെറിയ പേപ്പറുകളിൽ എഴുതി അരയിൽ തിരുകിയും അവർ അലിമാഷ് വരുന്നതും കാത്തിരുന്നു.

"ആദിൽ, അഷറഫ്, വിജീഷ്... മൂന്നു പേരും ഒരു സ്പെഷ്യൽ ടെസ്റ്റ് ആണ് ഇന്നെഴുതേണ്ടത്. എന്റെ കൂടെ വരൂ." അലി മാഷ് അവരെക്കൂട്ടി തൊ

ട്ടപ്പുറത്തെ ഒഴിഞ്ഞ ക്ലാസ്സുകൾ ചൂണ്ടി പറഞ്ഞു."മൂന്നു പേരും മൂന്നു ക്ലാസ്സിലിരുന്നു വേണം പരീക്ഷയെഴുതാൻ. പേടിക്കേണ്ട രണ്ടു ചോദ്യം മാത്രമേയുള്ളൂ." അവർക്ക് സന്തോഷം അടക്കാനായില്ല. എല്ലാവരും ഇരുപത്തഞ്ച് ചോദ്യങ്ങൾക്കാണ് ഉത്തരമെഴുതിയത്. മൂന്നു പേരും വേഗം തന്നെ ഓരോ ക്ലാസ്സുകളിലായി ഇരുന്നു.

"ചോദ്യപേപ്പർ തരാം, ഞാൻ ഇതാ, വരാന്തയിലുണ്ട്. ഉത്തരമെഴുതി പേപ്പർ അവിടെ ത്തന്നെ വെച്ച് മൂന്ന് പേരും പുറത്തു വന്ന് നിന്നാൽ മതി. ഇപ്പോത്തന്നെ പേപ്പർ നോക്കി മാർക്കു പറഞ്ഞു തരാം."

മൂന്നുപേരുടെയും കയ്യിൽ ചോദ്യപേപ്പർ കൊടുത്ത് അലി മാഷ് വരാന്തയിൽ നിന്നു. ബെഞ്ചിലിരുന്ന് ആവേശത്തോടെ ഉത്തരക്കടലാസ് നിവർത്തി ചോദ്യപേപ്പറിലേക്ക് നോക്കിയപ്പോഴാണ് അവർ ശരിക്കും വിയർത്തത്.

ചോദ്യം ഒന്ന്: നിങ്ങളുടെ പേരെഴുതുക (ഒരു മാർക്ക്)

ചോദ്യം രണ്ട്: ഇന്നലെ ബസിന്റെ ഏത് ടയറാണ് പഞ്ചറായത്?

ഒപ്ഷൻ ഒന്ന് : മുന്നിലെ വലതുവശത്തേത്.

ഒപ്ഷൻ രണ്ട് : മുന്നിലെ ഇടതു വശത്തേത്.

ഒപ്ഷൻ മൂന്ന് : പിറകിലെ വലതു വശത്തേത്.

ഒപ്ഷൻ നാല് : പിറകിലെ ഇടതുവശത്തേത് (99 മാർക്ക്)

ഓരോ ക്ലാസ്സുകളിൽ ഇരുന്ന അവരുടെ മുഖത്തെ ദയനീയ ഭാവങ്ങൾ അലി മാഷ് വരാന്തയിൽ നിന്ന് ചെറുചിരിയോടെ കാണുകയായിരുന്നു.

"പരീക്ഷക്ക് പഠിക്കാതിരുന്നാൽ മാർക്ക് അൽപം കുറയുമെന്നേയുള്ളൂ. ഞാൻ ചെറിയ ശിക്ഷ നൽകിയെന്നുമിരിക്കും. എന്നാൽ കളവു പറഞ്ഞും കള്ളത്തരം കാണിച്ചും വളർന്നാൽ അത് ജീവിതം മുഴുവനും നശിപ്പിക്കുകയല്ലേ ചെയ്യുക? ഇനി ഒരിക്കലും ഇങ്ങനെ ഉണ്ടാവരുത്..." അലി മാഷ് മൂന്നുപേരെയും തിരിച്ച് വിളിച്ച്, ചേർത്ത് പിടിച്ചു കൊണ്ട് ഇങ്ങനെ പറയുമ്പോൾ അവരുടെ കണ്ണുകൾ അറിയാതെ നിറഞ്ഞിരുന്നു.




# VOCASCAPE

Dr Abdul Latheef V

One way of making antonyms in English is by adding 'dis' or 'un' before words.

Study the given words and write their opposites. You may use a dictionary if you don't know the correct prefix to be added.

| Column A | Column B |
|---|---|
| 1.approve | a)...................................... |
| 2.satisfactory | b)...................................... |
| 3.please | c)...................................... |
| 4.friend | d)...................................... |
| 5.like | e)...................................... |
| 6.lock | f)...................................... |

# Curious & Catchy Words

## Rumour-monger

Have you seen people who love to spread rumours about other people or incidents? Do you have friends who have this habit of speaking unreal things about others? Have you ever thought that such people have got special words in the English dictionary? The word to refer to such *a person who spreads rumours is* **Rumour-monger.** *In Malayalam the correct word is :* അപവാദം പരത്തുന്നവൻ


- *I don't like people who are rumour-mongers.*
- *Rumour-mongers are very dangerous.*

## Money - Monger

Have you seen people who love to make money using any ways and means? Do you know such people who die for money and make use of all chances of getting more and more money? The English vocabulary has got interesting words to refer to such people? The word to refer to such *a person who loves to make money is* ***Money-monger.*** *In Malayalam the correct word is : പണക്കൊതിയൻ*

- *Money-mongers don't care for moral values.*
- *I know a few people who are money-mongers..*



Master Imitable
What's next ?
Let's try for one more
That sounds fantastic.
Can't you do it yourself now ?
I think, I will have a go. Entirely alone!
You sound pretty confident.
I have learned the tricks of the trades
He seems to have learned everything
I feel a sharp pull. Should I call him ?


Fishing teaches real patience!
Hi, Rizwan! This seems to be a big, big fish!
How could you sense ?
Let me use greater force?
My friend, please...
Oh my God! What went wrong ?
My dear little guy, take it easy.
No issues. I'm alright
Do you feel pain anywhere?
By the grace of God. No pains no bruises
continue

**STORY LINE**

*Around 800 B.C , a community of people lived in Nineveh, an ancient town believed to have been on the bank of the Tigris river. It was many miles away from Baghdad. The Prophet Yunus (AS) or Jonah was sent to guide this community to the right path. He tried to teach them God's message and warned them to turn away from the evil deeds.*

*Yunus (AS) preached to them for a long time, but they paid no heed to his words. When he realized that his advice fell on deaf ears, he warned them about Allah's punishment. In a mood of disappointment and depression, Yunus (AS) left his people. He moved out of the city and headed towards the seaport where there were ships waiting to set sail. He boarded one of such ships. As soon as it was out at sea, the sky grew dark, and there was a terrible storm. The*



*fierce wind created huge waves which lashed against the ship. As the storm grew worse it tossed the ship from side to side. The sailors worked with all their strength to keep the ship steady.*

*Some of the sailors said "let's throw some cargos overboard to make the ship easier to control". Though they did so, it was of no use. Soon, they felt that it would break up and they would all get drowned.*

*Some opined "this ill-luck could be due to some slave having run away from his master without consent".*

*Another person suggested "It is better we draw lots to find the wrongdoer and hurl him overboard to save the rest".*

*All others agreed with it. To everybody's surprise the name of Yunus (AS) was picked out in all the three consecutive draws. So, he was forced to jump from the ship. As he was struggling in the water gasping for breath, a great whale appeared out of the depths of the sea and swallowed him up.*

*No sooner Yunus (AS) realized his mistake that he left his people without getting the consent of Allah, than he cried in repentance. Within the stomach of the fish, he went on chanting, "There is no god but You. Glory be to You! I have done wrong." Allah heard his prayers. Miraculously enough, the fish, by the command of Allah, swam close to the land and vomited the Prophet Yunus safely on to the beach, where he found himself under a tree called Yaqtin (gourd-tree). It shaded him from the heat of the sun while he recovered from his ordeal. It also gave him a delicious fruit full of juice to quench his thirst.*

*After recovery, he returned to his people and preached to them again. All of them, over one hundred thousand, gave heed to his call.*

■

## WORD HUNT

Stories can do a lot in improving your skills in English. As children it is very important to develop the habit of reading stories. If the stories are about great people and their experiences, they could teach us great lessons. As you read on, learn to pay attention to new words and try to guess their meanings from the context.

**Find out correct antonyms from the story for the given words**

| Words | Antonyms from the story |
|---|---|
| Modern | |
| Virtuous | |
| Reward | |
| Disappear | |
| Dissent | |
| Reject | |

## GO IDIOMATIC

*Idioms are a group of words whose meaning is different from the meanings of the individual words*. Using idioms in your English will add colour and grace to your language.

**Trace the idioms from the story for the following words.**

1. *To ignore something completely:*

   ..........................................................................


2. *To listen to something carefully:*

   ..........................................................................




സ്നേഹപൂർവ്വം കുസുമത്തിന്,

നീ വരുന്ന ദിവസം വീട്ടിൽ ശരിക്കും ആഘോഷം തന്നെയാണ്. മഹാന്മാരുടെ ചരിത്രങ്ങളും സാരോപദേശ കഥകളും വായിക്കാൻ ഞാൻ തിരക്കു കൂട്ടുമ്പോൾ കണക്കിലെ കളികളും പദപ്രശ്നങ്ങളും മറ്റുമായി ഇത്താത്ത കെട്ടിമറിയും. സി.ഐ.ഡി സൽമാനും മണ്ടപ്പൻസുമായി ഇക്കാക്ക ചെങ്ങാത്തം കൂടുമ്പോൾ ഉമ്മക്കിഷ്ടം സഫറിനെയാണ്. നോവലും കഥകളുമായി ഉ



പ്പക്കും നിന്നെ ഇഷ്ടം തന്നെയാണ്. ചുരുക്കത്തിൽ നീ ഞങ്ങളുടെ വീട്ടിൽ ഒരംഗത്തെപ്പോലെയാണ്. എല്ലാ മാസവും നിന്റെ വരവിനായി ഞങ്ങൾ ആവേശ പൂർവ്വം കാത്തിരിക്കുകയാണ്. ആശംസകളോടെ...

**അഹ്മദ് സിനാൻ, ഫാത്തിമ നാഫിഅ, മുഹമ്മദ് അംജദ്**
**മങ്ങാട്**

പ്രിയ കുസുമത്തിന്,

കോവിഡ് കാലം തുടങ്ങിയതിന് ശേഷം കുറേ ലക്ക



ങ്ങൾ മിസ്സായി. ഇപ്പോൾ കുസുമം വല്ലാതെ മാറിയതായി തോന്നി. കുറേ പുതിയ കഥകളും മറ്റും പംക്തികളും കൊണ്ട് നിറഞ്ഞിട്ടുണ്ട്. നോവലിന്റെ കുറേ ഭാഗം നഷ്ടമായതിൽ സങ്കടമുണ്ട്. ഇനിയും ഒരുപാട് വിവരങ്ങളുമായി നീ ഇനിയും വരുമെന്ന പ്രതീക്ഷയോടെ....

**മുഹമ്മദ് ശമ്മാസ് ശാന്തപുരം**



ശഫ്റീൻ ശെറി
ഹിദായത്തുൽ ഇസ് ലാം മദ്റസ
അരിയല്ലൂർ ബീച്ച്




റംസീന പി
ദാറുൽ ഹുദാ മദ്റസ
കൊളപ്പുറം



ഹിബ ഫാത്തിമ
ഹയാത്തുൽ ഇസ്ലാം മദ്റസ
കൂനംപാലം - പാലക്കാട്



ഫാത്തിമ ജുമാന
ഹസനിയ്യ മദ്റസ ഐക്കരപ്പടി



ഫാത്തിമ റൈഹാന, ക്ലാസ് - 7
ഹിദായത്തുൽ ഇസ് ലാം മദ്റസ, അരിയല്ലൂർ



ഫാത്തിമ ശിഫ
ക്ലാസ് - 5
മമ്പഉൽ ഉലൂം സുന്നി മദ്റസ







മുഹമ്മദ് അൻഹൽ. സി
റൗളതുൽ ഉലൂം മദ്റസ
സ്രാമ്പിക്കൽ, പരപ്പൻപൊയിൽ



ദിയ ഫാത്തിമ. പി
ഹസനിയ്യ മദ്റസ ഐക്കരപ്പടി



ആഇശ ഹിശാന. വി
മമ്പഉൽ ഉലൂം സുന്നി മദ്റസ, ആട്ടീരിപ്പാറ



ഖദീജ ശസ്ന, ക്ലാസ് 6
ലത്തീഫിയ്യ സെക്കണ്ടറി മദ്റസ
ശിറിയ കുന്നിൽ



റബീഹ്. പി, ക്ലാസ് - 4
ഖുതുബുസ്സമാൻ സുന്നി മദ്റസ
കൊടിഞ്ഞി




ജാലിബ നസ്റീൻ(11)
D/o അബൂബക്കർ പന്നൂർ
ശറഫിയ്യ സുന്നി മദ്റസ പന്നൂർ

***ചിത്രങ്ങൾ തപാൽവഴി മാത്രം അയക്കുക***




PRINTED AND PUBLISHED BY **P. KUNHAMMED KLARI** SAMASTHA ISLAMIC CENTRE, CALICUT - 673 006, PRINTED AT : GEETHANJALI OFFSET PRESS, CALICUT. HONORARY CHIEF EDITOR : **MUHAMMED PARANNUR**